കേന്ദ്ര ഗവൺമെൻറ്

നിയമ ന്യായ കമ്പനി മന്ത്രാലയം

160

सत्यमेव जयते

# മോട്ടോർ പരിവഹണ തൊഴിലാളികൾ ആക്റ്റ്, 1961

(1961-ലെ 27-ാം നമ്പർ ആക്റ്റ്)

യൂണിയൻ ഗവൺമെൻറിനു വേണ്ടി
കേരള ഗവൺമെൻറ് പ്രസ് സൂപ്രണ്ട് തിരുവനന്തപുരം
ഗവൺമെൻറ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്.

1977

വില:

കേന്ദ്ര ഗവൺമെന്റ്
നിയമ ന്യായ കമ്പനി മന്ത്രാലയം

# മോട്ടോർ പരിവഹണ തൊഴിലാളികൾ ആക്റ്റ്, 1961

(1961-ലെ 27-ാം നമ്പർ ആക്റ്റ്)

യൂണിയൻ ഗവൺമെന്റിനു വേണ്ടി
കേരള ഗവൺമെന്റ് പ്രസ് സൂപ്രണ്ട് തിരുവനന്തപുരം
ഗവൺമെന്റ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്.

1977

വില:

# മോട്ടോർ പരിവഹണ തൊഴിലാളികൾ ആക്ററ്, 1961

## വകുപ്പുകളുടെ വിന്യാസം


വകുപ്പുകൾ

അദ്ധ്യായം I

പ്രാരംഭികം

1. ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും ബാധകതയും.
2. നിർവ്വചനങ്ങൾ.

അദ്ധ്യായം II

മോട്ടോർ പരിവഹണ സംരംഭങ്ങളുടെ രജിസ്ട്രേഷൻ

3. മോട്ടോർ പരിവഹണ സംരംഭത്തിന്റെ രജിസ്ട്രേഷൻ.

അദ്ധ്യായം III

പരിശോധനാ സ്ററാഫ്

4. ചീഫ് ഇൻസ്പെക്ററും ഇൻസ്പെക്ററർമാരും.
5. ഇൻസ്പെക്ററർമാരുടെ അധികാരങ്ങൾ.
6. ഇൻസ്പെക്ററർമാർക്ക് നല്കേണ്ട സൗകര്യങ്ങൾ.
7. സർട്ടിഫൈ ചെയ്ത സർജൻമാർ.

അദ്ധ്യായം IV

ക്ഷേമവും ആരോഗ്യവും

8. ക്യാൻറീനുകൾ.
9. വിശ്രമമുറികൾ.
10. യൂണിഫാറങ്ങൾ.
11. ചികിത്സീയസൗകര്യങ്ങൾ.
12. പ്രഥമ ശുശ്രൂഷാസൗകര്യങ്ങൾ.

അദ്ധ്യായം V

നിയോജനത്തിന്റെ മണിക്കൂറുകളും പരിമിതികളും

13. പ്രായപൂർത്തിയായ മോട്ടോർ പരിവഹണ തൊഴിലാളികളുടെ പ്രവൃത്തിമണിക്കൂറുകൾ.
14. മോട്ടോർ പരിവഹണ തൊഴിലാളികളായി നിയോജിക്കപ്പെടുന്ന പ്രായപൂർത്തിയാകാത്തവരുടെ പ്രവൃത്തിമണിക്കൂറുകൾ.
15. ദിവസവും വിശ്രമത്തിനുള്ള ഇടവേളകൾ.
16. വ്യാപ്തി.
17. വിജിത ഡ്യൂട്ടി.

18. പ്രവൃത്തി മണിക്കൂറുകളുടെ നോട്ടീസ്.

19. ആഴ്ചതോറുമുള്ള വിശ്രമം.

20. പ്രതികര വിശ്രമദിവസം.

### അദ്ധ്യായം VI

### ചെറുപ്രായത്തിലുള്ള ആളുകളുടെ നിയോജനം

21. കുട്ടികളുടെ നിയോജനം നിരോധിക്കുന്നത്.

22. മോട്ടോർ പരിവഹണ തൊഴിലാളികളായി നിയോജിക്കപ്പെടുന്ന പ്രായപൂർത്തിയാകാറായവർ ടോക്കണുകൾ കൊണ്ടുനടക്കണമെന്ന്.

23. യോഗ്യതാ സർട്ടിഫിക്കററ്.

24. മെഡിക്കൽ പരിശോധന ആവശ്യപ്പെടാനുള്ള അധികാരം.

### അദ്ധ്യായം VII

### കൂലിയും അവധിയും

25. മോട്ടോർ പരിവഹണ തൊഴിലാളികൾക്ക് കൂലികൊടുക്കുന്നതിൽ 1936-ലെ 4-ാം ആക്ററ് ബാധകമാകുമെന്ന്.

26. ഓവർടൈമിനുള്ള അധികകൂലി.

27. കൂലിയോടുകൂടിയ വാർഷികാവധി.

28. അവധികാലത്തെ കൂലി.

### അദ്ധ്യായം VIII

### ദണ്ഡനങ്ങളും നടപടിക്രമവും

29. തടസ്സങ്ങൾ.

30. വ്യാജമായ യോഗ്യതാ സർട്ടിഫിക്കററ് ഉപയോഗിക്കുന്നത്.

31. മോട്ടോർ പരിവഹണ തൊഴിലാളികളെ നിയോജിക്കുന്നത് സംബന്ധിച്ച വ്യവസ്ഥകളുടെ ഉല്ലംഘനം.

32. മുൻ കുററങ്ങൾ.

33. മുൻകുററസ്ഥാപനത്തിന് ശേഷമുള്ള വർദ്ധിപ്പിച്ച ദണ്ഡനം.

34. കമ്പനികളാലുള്ള കുററങ്ങൾ.

35. കുററങ്ങൾ നടപടിയ്ക്കെടുക്കുന്നത്.

36. പ്രോസിക്യൂഷനുകൾക്കുള്ള കാലഹരണം.

### അദ്ധ്യായം IX

### പലവക

37. ഈ ആക്ററിനോട് അസംഗതമായ നിയമങ്ങളുടേയും കരാറുകളുടേയും പ്രഭാവം.

38. ഒഴിവാക്കലുകൾ.

39. നിദേശങ്ങൾ നല്കാനുള്ള അധികാരങ്ങൾ.

40. ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം.

# മോട്ടോർ പരിവഹണ തൊഴിലാളികൾ ആക്ററ്, 1961

## (1961-ലെ 27-ാം നമ്പർ)

### മോട്ടോർ പരിവഹണ തൊഴിലാളികളുടെ ക്ഷേമത്തിന് വ്യവസ്ഥ ചെയ്യുന്നതിനും, അവരുടെ വേലയ്ക്കുള്ള നിബന്ധനകൾ ക്രമപ്പെടുത്തുന്നതിനും ഉള്ള ആക്ററ്.

[1961 മേയ്, 20]

ഇൻഡ്യൻ റിപ്പബ്ളിക്കിൻെറ പന്ത്രണ്ടാം സംവത്സരത്തിൽ പാർലമെൻററ് താഴെ പറയും പ്രകാരം അധിനിയമം ചെയ്തിരിക്കുന്നു:—

അദ്ധ്യായം I

പ്രാരംഭികം.

1. ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും ബാധകതയും.—(1) ഈ ആക്ററിന്, മോട്ടോർ പരിവഹണ തൊഴിലാളികൾ ആക്ററ്, 1961 എന്ന് പേർ പറയാവുന്നതാണ്.

(2) ഇത് ഇൻഡ്യ മുഴുവൻ വ്യാപിക്കുന്നതാണ്.

(3) ഇത് 1962 മാർച്ച്, 31-ാം തീയതിയ്ക്കു പിൻപല്ലാത്തതും, കേന്ദ്ര ഗവൺമെൻററ്, ഔദ്യോഗിക ഗസററിൽ വിജ്ഞാപനം വഴി നിശ്ചയിക്കുന്നതുമായ തീയതി പ്രാബല്യത്തിൽ വരുന്നതും, വ്യത്യസ്ത സ്റേററുകൾക്ക് വ്യത്യസ്ത തീയതികൾ നിശ്ചയിക്കാവുന്നതും ആണ്:

എന്നാൽ, ഇത് ജമ്മു-കാശ്മീർ സ്റേററിൽ കേന്ദ്ര തൊഴിൽ നിയമങ്ങൾ (ജമ്മു-കാശ്മീരിന് ബാധകമാക്കൽ) ആക്ററ്, 1970 (1970-ലെ 5)-ൻെറ പ്രാരംഭത്തോടെ പ്രാബല്യത്തിൽ വരുന്നതാകുന്നു.

(4) ഇത് അഞ്ചോ അതിലധികമോ മോട്ടോർ പരിവഹണതൊഴിലാളികളെ നിയോജിക്കുന്ന ഏതൊരു മോട്ടോർ പരിവഹണസംരംഭത്തിനും ബാധകമാകുന്നു:

എന്നാൽ സ്റേററ് ഗവൺമെൻറിന, ഔദ്യോഗിക ഗസററിൽ വിജ്ഞാപനം വഴി, അഞ്ചിൽ കുറവായ മോട്ടോർ പരിവഹണതൊഴിലാളികളെ നിയോജിക്കുന്ന ഏതെങ്കിലും മോട്ടോർ പരിവഹണ സംരംഭത്തിന് ഈ ആക്ററിലെ എല്ലാ വ്യവസ്ഥകളുമോ അവയിൽ ഏതെങ്കിലുമോ ബാധകമാക്കാനുള്ള ഗവൺമെൻറിൻെറ ഉദ്ദേശ്യത്തെക്കുറിച്ച് രണ്ടുമാസത്തിൽ കുറയാത്ത നോട്ടീസ് നല്കിയതിനു ശേഷം, അപ്രകാരം ബാധകമാക്കാവുന്നതാണ്.

2. നിർവ്വചനങ്ങൾ.— ഈ ആക്ററിൽ സന്ദർഭം മററുവിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,—

(ക) "പ്രായപൂർത്തിയാകാററായ ആൾ"ക്ക്, തൻെറ പതിനഞ്ചാമത്തെ വയസ്സ് പൂർത്തിയായിരിക്കുകയും, എന്നാൽ പതിനെട്ടാമത്തെ വയസ്സ് പൂർത്തിയായിട്ടില്ലാതിരിക്കുകയും ചെയ്യുന്ന ആൾ എന്നർത്ഥമാകുന്നു.

(ഖ) "പ്രായപൂർത്തിയായ ആരം"ക്ക്, തന്റെ പതിനെട്ടാമത്തെ വയസ്സ് പൂർത്തിയായ ആരം എന്നർത്ഥമാകുന്നു.

(ഗ) "കുട്ടി" യ്ക്ക്, തന്റെ പതിനഞ്ചാമത്തെ വയസ്സ് പൂർത്തിയായിട്ടില്ലാത്ത ആരം എന്നർത്ഥമാകുന്നു.

(ഘ) "ദിവസ"ത്തിന്, അർദ്ധരാത്രി മുതൽ ആരംഭിക്കുന്ന ഇരുപത്തിനാലുമണിക്കൂർ കാലം എന്നർത്ഥമാകുന്നു:

എന്നാൽ, ഒരു മോട്ടോർ പരിവഹണതൊഴിലാളിയുടെ, ഡ്യൂട്ടി അർദ്ധരാത്രിയ്ക്കുമുമ്പ് ആരംഭിക്കുകയും, എന്നാൽ അർദ്ധരാത്രിയ്ക്ക് അപ്പുറം പോവുകയും ചെയ്യുന്നിടത്ത്, അയാരംക്കുള്ള പിറേറ ദിവസം, അങ്ങനെയുള്ള ഡ്യൂട്ടി അവസാനിക്കുമ്പോരം ആരംഭിക്കുന്ന ഇരുപത്തിനാലു മണിക്കൂർകാലമായി കരുതപ്പെടുന്നതും, അർദ്ധരാത്രിയ്ക്കു ശേഷം അയാരം പ്രവൃത്തി ചെയ്ത മണിക്കൂറുകരം തലേദിവസത്തിലേക്ക് കണക്കുകൂട്ടുന്നതും ആകുന്നു.

(ങ) "നിയോജക"ന്, ഏതെങ്കിലും മോട്ടോർ പരിവഹണസംരംഭം സംബന്ധിച്ച്, ആ മോട്ടോർ പരിവഹണസംരംഭത്തിന്റെ കാര്യങ്ങളുടെ മേൽ അന്തിമമായ നിയന്ത്രണമുള്ള ആളും, അല്ലെങ്കിൽ അധികാരസ്ഥാനവും, മുൻ പറഞ്ഞകാര്യങ്ങരം മാനേജരെന്നോ മാനേജിങ്ങ് ഡയറക്ററെന്നോ മാനേജിങ്ങ് ഏജൻറന്നോ പേർ പറയപ്പെടുന്നതോ മറേറതെങ്കിലും പേർ പറയപ്പെടുന്നതോ ആയ ആളെ ഭരമേല്പിച്ചിട്ടുള്ളിടത്ത്, അങ്ങനെയുള്ള മറേറ ആളും എന്നർത്ഥമാകുന്നു.

(ച) "പ്രവൃത്തി മണിക്കൂറുകരം"ക്ക്, ഒരു മോട്ടോർ പരിവഹണ തൊഴിലാളിയുടെ സേവനം, നിയോജകനോ, ആ തൊഴിലാളിയുടെ സേവനങ്ങരംക്ക് അവകാശപ്പെടാവുന്ന മററതെങ്കിലും ആരംക്കോ, സൗകര്യംപോലെ ഉപയോഗപ്പെടുത്താവുന്നതായിരിക്കുന്ന സമയം എന്നർത്ഥമാകുന്നതും, അതിൽ—

(i) പരിവഹണ വാഹനത്തിന്റെ ഓട്ടസമയത്തിനുള്ളിൽ ചെയ്യുന്ന പ്രവൃത്തിയിൽ ചെലവഴിക്കുന്ന സമയവും;

(ii) സഹായക പ്രവൃത്തിയിൽ ചെലവഴിക്കുന്ന സമയവും;

(iii) അററങ്ങളിലെ, പതിനഞ്ചുമിനിററിൽ കുറഞ്ഞ, ഹാജരായിരിക്കുക മാത്രം ചെയ്യുന്ന, കാലയളവുകളും,

ഉരംപ്പെടുന്നതും ആകുന്നു.

വിശദീകരണം— ഈ ഖണ്ഡത്തിന്റെ ആവശ്യങ്ങരംക്ക്—

(1) "ഓട്ടസമയ" ത്തിന്, ഒരു പ്രവൃത്തിദിവസം സംബന്ധിച്ച്, ഒരു പരിവഹണവാഹനം, ആ പ്രവൃത്തി ദിവസത്തിന്റെ ആരംഭത്തിൽ പ്രവർത്തിക്കാൻ തുടങ്ങുന്ന നിമിഷം മുതൽ, ആ പ്രവൃത്തിദിവസത്തിന്റെ അവസാനം പ്രവർത്തിക്കാതാകുന്നതുവരെയുള്ള സമയത്തിൽ,നിർണ്ണയിക്കപ്പെടുന്ന ദൈർഘ്യത്തിലും കവിഞ്ഞതും, ആ പരിവഹണവാഹനം ഓടിക്കുകയോ, അതു സംബന്ധിച്ച് മറേറതെങ്കിലും പ്രവൃത്തിചെയ്യുകയോ ചെയ്യുന്ന ആളുകരംക്ക്, തങ്ങളുടെ സമയം ഇഷ്ടംപോലെ വിനിയോഗിക്കാൻ സ്വാതന്ത്ര്യമുണ്ടായിരിക്കുകയോ, അവർ സഹായകപ്രവൃത്തിയിൽ ഏർപ്പെട്ടിരിക്കുകയോ ചെയ്യുന്നതുമായ ഒരു കാലയളവോളം ആ പരിവഹണവാഹനത്തിന്റെ ഓട്ടത്തിന് ഇടതടവുണ്ടാകുന്ന സമയം ഒഴിച്ചുനിറുത്തിക്കൊണ്ടുള്ള സമയം, എന്ന് അർത്ഥമാകുന്നു.

(2) "സഹായക പ്രവൃത്തി"യ്ക്ക്, ഒരു പരിവഹണവാഹനത്തേയോ അതിലെ യാത്രക്കാരേയോ അതിലെ ഭാരത്തേയോ സംബന്ധിച്ച്, അതിന്റെ ഓട്ടസമയത്തല്ലാതെ ചെയ്യുന്ന പ്രവൃത്തി എന്നർത്ഥമാകുന്നതും, പ്രത്യേകിച്ചും അതിൽ—

(i) കണക്കുകൾ സംബന്ധിച്ച പ്രവൃത്തിയും, ക്യാഷ് അടയ്ക്കലും, രജിസ്ററുകൾ ഒപ്പിടലും, സർവ്വീസ്ഷീററുകൾ ഏലപ്പിച്ചു കൊടുക്കലും, ടിക്കററുകൾ പരിശോധിക്കലും, മററു സദൃശപ്രവൃത്തിയും;

(ii) പരിവഹണവാഹനം ഏറെറടുക്കലും, ഗാരേജിൽ ഇടലും,

(iii) ഒരാൾ ഹാജരാകുമ്പോൾ ഒപ്പിടുന്ന സ്ഥലം മുതൽ, പരിവഹണ വാഹനം ഏറെറടുക്കുന്ന സ്ഥലംവരേയും പരിവഹണവാഹനം വിട്ടുപോകുന്ന സ്ഥലം മുതൽ, പോകുമ്പോൾ ഒപ്പിടുന്ന സ്ഥലം വരെയും യാത്രചെയ്യലും;

(iv) പരിവഹണവാഹനത്തിൻെറ അനുരക്ഷണവും റിപ്പയറും സംബന്ധിച്ച പ്രവൃത്തിയും,

(v) പരിവഹണവാഹനത്തിൽ ഭാരം കയററലും ഇറക്കലും ;

ഉൾപ്പെടുന്നതുമാകുന്നു.

(3) "ഹാജരായിരിക്കുകമാത്രം ചെയ്യുന്ന കാലയളവ്" എന്നാൽ, ഏതുകാലയളവിലാണോ ഒരാൾ വിളിച്ചാൽ ഉണ്ടായിരിക്കുന്നതിനു വേണ്ടിയോ ഡ്യൂട്ടി പട്ടികയിൽ നിജപ്പെടുത്തിയിട്ടുള്ള സമയത്ത് പ്രവർത്തനം പുനരാരംഭിക്കുന്നതിനു വേണ്ടിയോ മാത്രമായി തൻെറ സ്ഥാനത്ത് ഉണ്ടായിരിക്കുന്നത്, ആ കാലയളവ് എന്നർത്ഥമാകുന്നു.

(ഛ) "മോട്ടോർ പരിവഹണസംരംഭ"ത്തിന്, യാത്രക്കാരേയോ സാമാനങ്ങളോ അവ രണ്ടുമോ റോഡുവഴി കൂലിയ്ക്കോ പ്രതിഫലത്തിന്നോ കൊണ്ടുപോകുന്നതിൽ ഏർപ്പെട്ടിരിക്കുന്ന മോട്ടോർ പരിവഹണസംരംഭം എന്നർത്ഥമാകുന്നതും, അതിൽ ഒരു സ്വകാര്യകാരിയർ ഉൾപ്പെടുന്നതും ആകുന്നു.

(ജ) "മോട്ടോർ പരിവഹണ തൊഴിലാളി"യ്ക്ക്, ഒരു മോട്ടോർ പരിവഹണവാഹനത്തിൽ വൃത്തി സംബന്ധമായ നിലയിൽ പ്രവൃത്തിചെയ്യാനോ, അല്ലെങ്കിൽ അങ്ങനെയുള്ള പരിവഹണവാഹനത്തിൻെറ വരവോ, പോക്കോ, അതിൽ ഭാരം കയററലോ, അതിൽനിന്ന് ഭാരം ഇറക്കലോ സംബന്ധിച്ച ഡ്യൂട്ടികൾ നോക്കുന്നതിനോ ആയി ഒരു മോട്ടോർ പരിവഹണ സംരംഭത്തിൽ നേരിട്ടോ ഒരു ഏജൻസിമുഖേനയോ, കൂലിക്കായാലും അല്ലെങ്കിലും, നിയോജിക്കപ്പെടുന്ന ആൾ എന്നർത്ഥമാകുന്നതും, അതിൽ ഡ്രൈവറോ, കണ്ടക്ററോ, ക്ലീനറോ സ്റേറഷൻസ്ററാഫോ, ലയിൻചെക്കിങ്ങ് സ്ററാഫോ, ബുക്കിങ്ങ് ക്ലാർക്കോ, ക്യാഷ്ക്ലാർക്കോ, ഡിപ്പോക്ലാർക്കോ, റൈറംകീപ്പറോ, വാച്ചുമാനോ, അററൻഡൻറോ ഉൾപ്പെടുന്നതും, എന്നാൽ 8-ാം വകുപ്പിൽ ഒഴികെ—

(i) ഫാക്ടറികൾ ആക്ററ്, 1948 (1948-ലെ 63)-ൽ നിർവ്വചിച്ച പ്രകാരമുള്ള ഒരു ഫാക്ടറിയിൽ നിയോജിക്കപ്പെടുന്ന ഏതെങ്കിലും ആളോ;

(ii) കടകളിലോ വാണിജ്യകസ്ഥാപനങ്ങളിലോ നിയോജിക്കപ്പെടുന്ന ആളുകളുടെ സേവനവ്യവസ്ഥകൾ ക്രമപ്പെടുത്തുന്നതും തൽസമയം പ്രാബല്യത്തിലുള്ളതുമായ ഏതെങ്കിലും നിയമത്തിലെ വ്യവസ്ഥകൾ ബാധകമാകുന്ന ഏതെങ്കിലും ആളോ;

ഉൾപ്പെടുന്നതല്ലാത്തതും ആകുന്നു.

(ഝ) "നിർണ്ണയിക്കപ്പെടുന്ന" എന്നാൽ, ഈ ആക്ററിൻകീഴിൽ ഉണ്ടാക്കപ്പെടുന്ന ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെടുന്ന എന്നർത്ഥമാകുന്നു.

(ഞ) "യോഗ്യതയുള്ള ചികിത്സകൻ" എന്നാൽ, ഇൻഡ്യൻ മെഡിക്കൽ ഡിഗ്രീസ് ആക്ററ്, 1916 (1916-ലെ 7)-ലെ പട്ടികയിൽ വിനിർദ്ദേശിക്കുന്നതോ, അല്ലെങ്കിൽ ആ ആക്ററ് 3-ാം വകുപ്പിൻകീഴിൽ വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുള്ളതോ അല്ലെങ്കിൽ ഇൻഡ്യൻ മെഡിക്കൽ കൗൺസിൽ ആക്ററ്, 1956

(1956-ലെ 102)-ലെ, പട്ടികകളിൽ വിനിർദ്ദേശിക്കുന്നതോ ആയ ഒരു അധികാരസ്ഥാനം നല്കുന്ന സർട്ടിഫിക്കററ് ഉള്ള ആം എന്നർത്ഥമാകുന്നതും, അതിൽ ഏതെങ്കിലും പ്രവിശ്യാ മെഡിക്കൽകൗൺസിൽ ആക്ററിനോ സ്റേററ് മെഡിക്കൽ കൗൺസിൽ ആക്ററിനോ കീഴിൽ നല്കുന്ന സർട്ടിഫിക്കററ് ഉള്ള ഏതെങ്കിലും ആം ഉൾപ്പെടുന്നതും ആകുന്നു.

(ട) "വ്യാപ്തി" യ്ക്ക്, ഏതെങ്കിലും ദിവസം ഡ്യൂട്ടി ആരംഭിക്കുന്നതിനും, ആ ദിവസം ഡ്യൂട്ടി അവസാനിക്കുന്നതിനും ഇടയ്ക്കുള്ള കാലയളവ് എന്നർത്ഥമാകുന്നു.

(ഠ) "കൂലി"യ്ക്ക്, കൂലികൊടുക്കൽ ആക്ററ്, 1936, (1936-ലെ 4) 2-ാം വകുപ്പ് (vi)-ാം ഖണ്ഡത്തിൽ അതിനു നല്കിയിട്ടുള്ള അർത്ഥം ഉണ്ടായിരിക്കുന്നതാണ്.

(ഡ) "ആഴ്ച"യ്ക്ക്,ശനിയാഴ്ച രാത്രിയിലെ അർദ്ധരാത്രിക്കും, അടുത്ത ശനിയാഴ്ച രാത്രിയിലെ അർദ്ധരാത്രിക്കും ഇടയ്ക്കുള്ള കാലയളവ് എന്നർത്ഥമാകുന്നു.

(ഢ) ഈ ആക്ററിൽ ഉപയോഗിക്കുകയും, എന്നാൽ നിർവ്വചിക്കാതിരിക്കുകയും, മോട്ടോർ വാഹനങ്ങൾ ആക്ററ്, 1939 (1939-ലെ 4)-ൽ നിർവ്വചിക്കുകയും ചെയ്യുന്ന മററെല്ലാ വാക്കുകൾക്കും പദങ്ങൾക്കും, ആ ആക്ററിൽ യഥാക്രമം അവയ്ക്ക് നല്കിയിട്ടുള്ള അർത്ഥങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

## അദ്ധ്യായം II

## മോട്ടോർ പരിവഹണ സംരംഭങ്ങളുടെ രജിസ്ട്രേഷൻ

3. മോട്ടോർ പരിവഹണസംരംഭത്തിന്റെ രജിസ്ട്രേഷൻ—(1) ഈ ആക്ററ് ബാധകമാകുന്ന ഒരു മോട്ടോർ പരിവഹണ സംരംഭത്തിന്റെ ഏതൊരു ന യോജകനും, ആ സംരംഭം ഈ ആക്ററിൻ കീഴിൽ രജിസ്ററർ ചെയ്യിക്കേണ്ടതാകുന്നു.

(2) ഒരു മോട്ടോർ പരിവഹണ സംരംഭത്തിന്റെ രജിസ്ട്രേഷനുള്ള അപേക്ഷ, നിയോജകൻ നിർണ്ണയിക്കപ്പെടുന്ന അധികാരസ്ഥാനത്തിന് നിർണ്ണയിക്കപ്പെടുന്ന ഫാറത്തിലും സമയത്തിനുള്ളിലും കൊടുക്കേണ്ടതാകുന്നു.

(3) ഒരു മോട്ടോർ പരിവഹണസംരംഭം,ഈആക്ററിൻകീഴിൽ രജിസ്ററർ ചെയ്യുന്നിടത്ത്, നിയോജകന് നിർണ്ണയിക്കപ്പെടുന്ന വിവരങ്ങൾ അടങ്ങിയ ഒരു രജിസ്ട്രേഷൻ സർട്ടിഫിക്കററ് നല്കേണ്ടതാകുന്നു.

## അദ്ധ്യായം III

## പരിശോധനാ സ്ററാഫ്

4. ചീഫ് ഇൻസ്പെക്ടററും ഇൻസ്പെക്ടറർമാരും.—(1) സ്റേററ് ഗവൺമെൻറിന്, ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി, സ്റേററിന് യഥാവിധി യോഗ്യതയുള്ള ഒരാളെ ചീഫ് ഇൻസ്പെക്ടററായും യഥാവിധി യോഗ്യതയുള്ള യുക്തമെന്നു തോന്നുന്നത്ര ആളുകളെ ചീഫ് ഇൻസ്പെക്ടറർക്കു കീഴിലുള്ള ഇൻസ്പെക്ടറർമാരായും നിയമിക്കാവുന്നതാണ്.

(2) ചീഫ് ഇൻസ്പെക്ടറർക്ക്, ഇൻസ്പെക്ടറർമാർ ഈ ആക്ററിൻ കീഴിലെ അവരുടെ അധികാരങ്ങൾ, പ്രയോഗിക്കേണ്ട തദ്ദേശാതിർത്തികൾ പ്രഖ്യാപിക്കുകയും, സ്റേററ് ഗവൺമെൻറ് അയാൾക്കു നിശ്ചയിച്ചു

കൊടുക്കുന്ന തദ്ദേശാതിർത്തികൾക്കുള്ളിൽ ഇൻസ്പെക്ടറരുടെ അധികാരങ്ങൾ സ്വയം പ്രയോഗിക്കുകയും ചെയ്യാവുന്നതാണ്.

(3) ചീഫ് ഇൻസ്പെക്ടററും എല്ലാ ഇൻസ്പെക്ടറർമാരും ഇൻഡ്യൻ ശിക്ഷാനിയമ സംഹിത (1860-ലെ 45) 21-ാം വകുപ്പിന്റെ അർത്ഥത്തിൽ പബ്ലിക്ക് സർവന്റുമാരായി കരുതപ്പെടുന്നതാകുന്നു.

5. <u>ഇൻസ്പെക്ടറർമാരുടെ അധികാരങ്ങൾ.</u>—(1) സ്റേററ്ഗവൺമെൻറ്, സാമാന്യമോ പ്രത്യേകമോ ആയ ഉത്തരവുവഴി, ചുമത്തുന്ന ഉപാധികൾക്കും പരിമിതികൾക്കും വിധേയമായി, ചീഫ് ഇൻസ്പെക്ടറർക്കോ ഇൻസ്പെക്ടറർക്കോ—

(ക) ഏതെങ്കിലും മോട്ടോർ പരിവഹണ സംരംഭത്തിന്റെ സംഗതിയിൽ, ഈ ആക്ററിലേയോ അതിൻകീഴിൽ ഉണ്ടാക്കപ്പെടുന്ന ചട്ടങ്ങളിലേയോ വ്യവസ്ഥകൾ പാലിക്കപ്പെടുന്നുണ്ടോ എന്നു തിട്ടപ്പെടുത്തുന്നതിനായി യുക്തമെന്നു തോന്നുന്ന വിസ്താരവും അന്വേഷണവിചാരണയും ചെയ്യുകയും, അതിന് വേണ്ടി ഒരു മോട്ടോർ പരിവഹണവാഹനത്തിന്റെ ഡ്രൈവറോട് ആ പരിവഹണ വാഹനം നിറുത്താനും ന്യായമായി ആവശ്യമായിടത്തോളം സമയം അവിടെത്തന്നെ ഇടാനും ആവശ്യപ്പെടുകയും ചെയ്യാവുന്നതും;

(ഖ) ഈ ആക്ററിന്റെ ഉദ്ദേശങ്ങൾ നടപ്പാക്കുന്നതിനുവേണ്ടി യുക്തമെന്നുതോന്നുന്ന സഹായം വല്ലതും വേണമെങ്കിൽ അതോടുകൂടി ഏതെങ്കിലും മോട്ടോർ പരിവഹണസംരംഭത്തിന്റെ ഉപയോഗത്തിലോ കൈവശത്തിലോ ഇരിക്കുന്നതാണെന്ന് തനിക്ക് വിശ്വസിക്കാൻ കാരണമുള്ള ഏതെങ്കിലും കെട്ടിട പരിസരങ്ങളിൽ ന്യായമായ ഏതു സമയത്തും പ്രവേശിക്കുകയും പരിശോധന നടത്തുകയും ശോധന ചെയ്യുകയും;

(ഗ) ഒരു മോട്ടോർ പരിവഹണസംരംഭത്തിൽ നിയോജിക്കപ്പെട്ടിട്ടുള്ള ഏതെങ്കിലും മോട്ടോർ പരിവഹണ തൊഴിലാളിയെ വിസ്തരിക്കുകയോ ഈ ആക്ററിന് അനുസൃതമായി വച്ചുപോരുന്ന ഏതെങ്കിലും രജിസ്ററോ മററു രേഖയോ ഹാജരാക്കാൻ ആവശ്യപ്പെടുകയോ ചെയ്യുകയും ഏതെങ്കിലും ആളുടെ, ഈ ആക്ററിലെ ആവശ്യങ്ങൾ നടപ്പാക്കുന്നതിന് ആവശ്യകമാണെന്ന് താൻ കരുതുന്ന സ്റേററ്മെൻറുകൾ സ്ഥലത്തുവച്ചോ അല്ലാതെയോ എടുക്കുകയും;

(ഘ) നിയോജകൻ ചെയ്തിട്ടുള്ളതാണെന്ന് തനിക്കു വിശ്വസിക്കാൻ കാരണമുള്ള ഈ ആക്ററിൻ കീഴിലെ ഒരു കുററം സംബന്ധിച്ച്, പ്രസക്തമെന്ന് താൻ കരുതുന്ന രജിസ്ററുകളോ, രേഖകളോ, അവയുടെ ഭാഗങ്ങളോ പിടിച്ചെടുക്കുകയോ അവയുടെ പകർപ്പ് എടുക്കുകയോ ചെയ്യുകയും;

(ങ) നിർണ്ണയിക്കപ്പെടുന്ന മററു അധികാരങ്ങൾ പ്രയോഗിക്കുകയും ചെയ്യാവുന്നതാണ്:

എന്നാൽ, ഈ വകുപ്പിൻ കീഴിൽ യാതൊരാളും തന്നെ കുററത്തിന് ഉത്തരവാദിയാക്കാൻ പ്രവണതയുള്ളവിധം ഏതെങ്കിലും ചോദ്യത്തിന് ഉത്തരം പറയാനോ ഏതെങ്കിലും സ്റേററ്മെൻറ് കൊടുക്കാനോ നിർബന്ധിക്കപ്പെടാൻ പാടുള്ളതല്ല.

(2) ക്രിമിനൽ നടപടിനിയമസംഹിത, 1898 (1898-ലെ 5)-ലെ വ്യവസ്ഥകൾ, ആകുന്നത്ര ആ നിയമ സംഹിത 98-ാം വകുപ്പിൻകീഴിൽ പുറപ്പെടുവിക്കുന്ന ഒരു വാറൻറിന്റെ പ്രാധികാരത്തിൻ കീഴിൽ ചെയ്യുന്ന ഏതെങ്കിലും ശോധനയ്ക്കോ പിടിച്ചെടുക്കലിനോ ബാധകമാകുന്നതുപോലെ, ഈ വകുപ്പിൻ കീഴിലെ ഏതെങ്കിലും ശോധനയ്ക്കോ പിടിച്ചെടുക്കലിനോ ബാധകമാകുന്നതാണ്.

6. ഇൻസ്പെക്ററർമാർക്ക് നല്കേണ്ട സൗകര്യങ്ങൾ.—ഏതൊരു നിയോജകനും ചീഫ് ഇൻസ്പെക്ററർക്കും ഇൻസ്പെക്ററർക്കും ഈ ആക്ററിൻ കീഴിലുള്ള ഏതെങ്കിലും പ്രവേശനത്തിനോ പരിശോധനയ്ക്കോ വിസ്താരത്തിനോ അന്വേഷണ വിചാരണയ്ക്കോ ആയി ന്യായമായ എല്ലാ സൗകര്യങ്ങളും നല്കേണ്ടതാകുന്നു.

7. സർട്ടിഫൈ ചെയ്ത സർജൻമാർ.—(1) സ്റേററ്റ് ഗവൺമെൻറിന്, ഈ ആക്ററിൻെറ ആവശ്യങ്ങൾക്കുവേണ്ടി യോഗ്യതയുള്ള ചികിൽസകൻമാരെ, അവർക്ക് യഥാക്രമം നിശ്ചയിച്ചുകൊടുക്കുന്ന തദ്ദേശാതിർത്തിക്കുള്ളിലോ, മോട്ടോർ പരിവഹണസംരംഭങ്ങൾക്കോ, തരം മോട്ടോർ പരിവഹണസംരംഭങ്ങൾക്കോ ആയോ, സർട്ടിഫൈ ചെയ്യുന്ന സർജൻമാരായി നിയമിക്കാവുന്നതാണ്.

(2) സർട്ടിഫൈ ചെയ്യുന്ന സർജൻ,—

(ക) മോട്ടോർ പരിവഹണ തൊഴിലാളികളെ പരിശോധിക്കുകയും, സർട്ടിഫൈ ചെയ്യുകയും ചെയ്യുന്നതും;

(ഖ) ഏതെങ്കിലും മോട്ടോർ പരിവഹണ സംരംഭത്തിൽ പ്രായപൂർത്തിയാകാററായ ആളുകൾ, അവരുടെ ആരോഗ്യത്തിന് ക്ഷതി ഉളവാക്കാൻ ഇടയുള്ള ഏതെങ്കിലും വൃത്തിയിൽ മോട്ടോർ പരിവഹണ തൊഴിലാളികളായി നിയോജിക്കപ്പെടുകയോ, നിയോജിക്കപ്പെടാൻ പോവുകയോ ചെയ്യുന്നിടത്ത്, നിർണ്ണയിക്കപ്പെടുന്ന ചികിൽസീയ മേൽനോട്ടം വഹിക്കുന്നതും;

സംബന്ധിച്ച്, നിർണ്ണയിക്കപ്പെടുന്ന കർത്തവ്യങ്ങൾ നിർവ്വഹിക്കേണ്ടതാകുന്നു.

## അദ്ധ്യായം IV

## ക്ഷേമവും ആരോഗ്യവും

8. ക്യാൻറീനുകൾ.—(1) സ്റേററ്റ് ഗവൺമെൻറിന്, ഒരു മോട്ടോർ പരിവഹണ സംരംഭത്തിൽ നിയോജിക്കപ്പെട്ടിട്ടുള്ള നൂറോ അതിലധികമോ മോട്ടോർ പരിവഹണ തൊഴിലാളികൾ സാധാരണമായി പ്രതിദിനം ഡ്യൂട്ടിക്ക് എത്തുന്ന ഏതൊരു സ്ഥലത്തും നിയോജകൻ മോട്ടോർ പരിവഹണ തൊഴിലാളികളുടെ ഉപയോഗത്തിനായി ഒന്നോ അതിലധികമോ ക്യാൻറീനുകൾ ഏർപ്പെടുത്തുകയും നിലനിറുത്തുകയും ചെയ്യേണ്ടതാണെന്ന് ആവശ്യപ്പെടുന്ന ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) മുൻപറഞ്ഞ അധികാരത്തിൻെറ സാമാന്യതയ്ക്ക് ഭംഗംവരാതെ, അങ്ങനെയുള്ള ചട്ടങ്ങൾക്ക്—

(ക) ഏതു തീയതിക്കകമാണോ ആ ക്യാൻറീനുകൾ ഏർപ്പെടുത്തേണ്ടത്, ആ തീയതിക്കും;

(ഖ) ഏർപ്പെടുത്തേണ്ട ക്യാൻറീനുകളുടെ എണ്ണത്തിനും, ക്യാൻറീനുകളുടെ നിർമ്മാണവും സ്ഥലസൗകര്യവും ഫർണീച്ചറും മററു സജ്ജീകരണങ്ങളും സംബന്ധിച്ചുള്ള മാനകങ്ങൾക്കും;

(ഗ) അവിടെ വിളമ്പേണ്ട ഭക്ഷണ പദാർത്ഥങ്ങൾക്കും, അവയ്ക്ക് എത്ര ചാർജ്ജ് ചെയ്യാമെന്നുള്ളതിനും;

(ഘ) ക്യാൻറീന് ഒരു മാനേജിങ്ങ് കമ്മിററി ഏർപ്പെടുത്തുന്നതിനും ക്യാൻറീനിൻെറ മാനേജ്മെൻറിൽ മോട്ടോർ പരിവഹണ തൊഴിലാളികൾക്കുള്ള പ്രാതിനിധ്യത്തിനും;

വ്യവസ്ഥ ചെയ്യാവുന്നതാണ്.

(3) (2)-ാം ഉപവകുപ്പ് (ഗ) ഖണ്ഡം സംബന്ധിച്ച് ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം സ്റേററ് ഗവൺമെൻറിന്, അതു ചുമത്തുന്ന ഉപാധികൾക്കു വിധേയമായി, ചീഫ് ഇൻസ്പെക്ടർക്ക് പ്രത്യായോജനം ചെയ്യാവുന്നതാണ്.

9. വിശ്രമമുറികൾ.—(1) ഒരു മോട്ടോർ പരിവഹണസംരംഭത്തിൽ നിയോജിക്കപ്പെട്ടിട്ടുള്ള മോട്ടോർ പരിവഹണ തൊഴിലാളികൾ രാത്രി തങ്ങേണ്ടതായിട്ടുള്ള ഏതൊരു സ്ഥലത്തും നിയോജകൻ, ആ മോട്ടോർ പരിവഹണ തൊഴിലാളികളുടെ ഉപയോഗത്തിനായി, നിർണ്ണയിക്കപ്പെടുന്നത്ര വിശ്രമമുറികളോ, നിർണ്ണയിക്കപ്പെടുന്ന മററു അനുയോജ്യമായ ആനുകല്പിക സ്ഥലസൗകര്യമോ ഏർപ്പെടുത്തുകയും നിലനിറുത്തുകയും ചെയ്യേണ്ടതാകുന്നു.

(2) (1)-ാം ഉപവകുപ്പിൻകീഴിൽ ഏർപ്പെടുത്തേണ്ട വിശ്രമമുറികളോ ആനുകല്പിക സ്ഥലസൗകര്യമോ പര്യാപ്തമായവിധം വെളിച്ചമുള്ളതും വായുസഞ്ചാരമുള്ളതും ആയിരിക്കേണ്ടതും, വൃത്തിയായും സുഖപ്രദമായും ഉള്ള നിലയിൽ, നിലനിറുത്തേണ്ടതും ആകുന്നു.

(3) സ്റേററ് ഗവൺമെൻറിന് ഈ വകുപ്പിൻ കീഴിൽ ഏർപ്പെടുത്തേണ്ട വിശ്രമമുറികളുടേയോ ആനുകല്പിക സ്ഥലസൗകര്യത്തിൻേറയോ നിർമ്മാണവും, സ്ഥല സൗകര്യവും, ഫർണീച്ചറും, മററു സജ്ജീകരണങ്ങളും, സംബന്ധിച്ചുള്ള മാനകങ്ങൾ നിർണ്ണയിക്കാവുന്നതാണ്.

10. യൂണിഫാറങ്ങൾ.—(1) സ്റേററ് ഗവൺമെൻറിന്, ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി, ഒരു മോട്ടോർപരിവഹണസംരംഭത്തിലെ നിയോജകനോട്, ആ സംരംഭത്തിൽ നിയോജിക്കപ്പെട്ടിട്ടുള്ള ഡ്രൈവർമാർക്കും, കണ്ടക്ടർമാർക്കും, ലൈൻചെക്കിങ്ങ് സ്ററാഫിനും, മഴയിൽ നിന്നും തണുപ്പിൽ നിന്നുമുള്ള അവരുടെ സംരക്ഷണത്തിനായി ചട്ടങ്ങളിൽ വിനിർദ്ദേശിക്കുന്നത്രയും വിനിർദ്ദേശിക്കുന്ന തരത്തിലുമുള്ള യൂണിഫാറങ്ങളോ, മഴക്കോട്ടുകളോ മററു സദൃശസൗകര്യങ്ങളോ, നല്കാൻ ആവശ്യപ്പെടുന്ന ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) നിയോജകൻ, ഡ്രൈവർമാർക്കും കണ്ടക്ടർമാർക്കും ലൈൻ ചെക്കിങ്ങ് സ്ററാഫിനും (1)-ാം ഉപവകുപ്പിൻകീഴിൽ വ്യവസ്ഥചെയ്യുന്ന യൂണിഫാറങ്ങൾ അലക്കുന്നതിന് നിർണ്ണയിക്കപ്പെടുന്ന നിരക്കുകളിൽ ബത്ത കൊടുക്കേണ്ടതാകുന്നു:

എന്നാൽ, യൂണിഫാറങ്ങൾ അലക്കുന്നതിന് തൻെറ സ്വന്തം ചെലവിൽ പര്യാപ്തമായ ഏർപ്പാടുകൾ ചെയ്തിട്ടുള്ള നിയോജകൻ, അങ്ങനെയുള്ള യാതൊരു ബത്തയും കൊടുക്കേണ്ടതായിരിക്കുന്നതല്ല.

11. ചികിൽസീയസൗകര്യങ്ങൾ.—നിയോജകൻ, മോട്ടോർ പരിവഹണ തൊഴിലാളികൾക്ക് സ്റേററ് ഗവൺമെൻറ് നിർണ്ണയിക്കുന്ന ചികിൽസീയ സൗകര്യങ്ങൾ സ്റേററു ഗവൺമെൻറ് നിർണ്ണയിക്കുന്ന പ്രവർത്തന കേന്ദ്രങ്ങളിലും തങ്ങൽ സ്റേറഷനുകളിലും എളുപ്പത്തിൽ ലഭ്യമായിരിക്കത്തക്കവണ്ണം ഏർപ്പെടുത്തുകയും നിലനിറുത്തുകയും ചെയ്യേണ്ടതാകുന്നു.

12. പ്രഥമശുശ്രൂഷാസൗകര്യങ്ങൾ.—(1) നിയോജകൻ ഏതൊരു പരിവഹണവാഹനത്തിലും നിർണ്ണയിക്കപ്പെടുന്ന ഉള്ളടക്കങ്ങളോടുകൂടി സജ്ജമാക്കിയിട്ടുള്ളതും പ്രഥമ ശുശ്രൂഷയ്ക്കുള്ളതുമായ ഒരു പെട്ടി എല്ലാ പ്രവൃത്തിമണിക്കൂറുകളിലും എളുപ്പത്തിൽ ലഭ്യമായിരിക്കത്തക്കവണ്ണം ഏർപ്പെടുത്തുകയും നിലനിറുത്തുകയും ചെയ്യേണ്ടതാകുന്നു.

(2) പ്രഥമ ശുശ്രൂഷയ്ക്കുള്ള പെട്ടിയിൽ നിർണ്ണയിക്കപ്പെടുന്ന ഉള്ളടക്കങ്ങൾ അല്ലാതെ യാതൊന്നും വയ്ക്കാൻ പാടുള്ളതല്ല.

(3) പ്രഥമ ശുശ്രൂഷയ്ക്കുള്ള പെട്ടി പരിവഹണവാഹനത്തിൻെറ ഡ്രൈവറുടേയോ കണ്ടക്ടറുടേയോ ചാർജ്ജിൽ വച്ചിരിക്കേണ്ടതും, അയാൾക്ക് അതിൻെറ ഉപയോഗം സംബന്ധിച്ച പരിശീലനത്തിനുള്ള സൗകര്യങ്ങൾ നല്കേണ്ടതുമാകുന്നു.

അദ്ധ്യായം V

## നിയോജനത്തിൻെറ മണിക്കൂറുകളും പരിമിതികളും

13. പ്രായപൂർത്തിയായ മോട്ടോർ പരിവഹണ തൊഴിലാളികളുടെ പ്രവൃത്തിമണിക്കൂറുകൾ.—പ്രായപൂർത്തിയായ യാതൊരു മോട്ടോർ പരിവഹണ തൊഴിലാളിയോടും, ഏതെങ്കിലും ദിവസം എട്ടു മണിക്കൂറിലധികവും, ഏതെങ്കിലും ആഴ്ച നാല്പത്തെട്ടു മണിക്കൂറിലധികവും പ്രവൃത്തി ചെയ്യാൻ ആവശ്യപ്പെടുകയോ അയാളെ അതിന് അനുവദിക്കുകയോ ചെയ്യാൻ പാടുള്ളതല്ല:

എന്നാൽ, അങ്ങനെയുള്ള ഏതെങ്കിലും മോട്ടോർ പരിവഹണ തൊഴിലാളി, നിർണ്ണയിക്കപ്പെടുന്ന അധികാരസ്ഥാനം നിർണ്ണയിക്കപ്പെടുന്ന രീതിയിൽ വിജ്ഞാപനം ചെയ്യുന്ന ദൂരയാത്രാരൂട്ടുകളിൽ, അല്ലെങ്കിൽ അങ്ങനെ വിജ്ഞാപനം ചെയ്യുന്ന ഉൽസവ സന്ദർഭങ്ങളിലും മററു സന്ദർഭങ്ങളിലും, ഏതെങ്കിലും മോട്ടോർ പരിവഹണ സർവ്വീസ് ഓടിച്ചുകൊണ്ടിരിക്കുന്നതിൽ ഏർപ്പെട്ടിരിക്കുന്നിടത്ത്, നിയോജകന്, അങ്ങനെയുള്ള അധികാരസ്ഥാനത്തിൻെറ അംഗീകാരത്തോടുകൂടി, അങ്ങനെയുള്ള മോട്ടോർ പരിവഹണ തൊഴിലാളിയോട് ഏതെങ്കിലും ദിവസം എട്ടു മണിക്കൂറിലധികമോ ഏതെങ്കിലും ആഴ്ച നാല്പത്തെട്ടു മണിക്കൂറിലധികമോ, എന്നാൽ യാതൊരു സംഗതിയിലും, അതതുസംഗതിപോലെ, ഒരു ദിവസം പത്തു മണിക്കൂറിലധികമോ ഒരാഴ്ച അമ്പത്തിനാലു മണിക്കൂറിലധികമോ ആകാതെ, പ്രവർത്തിചെയ്യാൻ ആവശ്യപ്പെടുകയോ, അയാളെ അതിന് അനുവദിക്കുകയോ ചെയ്യാവുന്നതാണ്:

എന്നുമാത്രമല്ല, ഒരു മോട്ടോർ പരിവഹണ സർവ്വീസ് തകരുകയോ, തകരാറിലാവുകയോ, ഗതാഗതത്തിന് ഇടതടവുണ്ടാവുകയോ ചെയ്യുന്ന സംഗതിയിലോ, ദൈവഗത്യാ ഉണ്ടാകുന്ന സംഭവത്തിൻെറ സംഗതിയിലോ, നിയോജകന്, നിർണ്ണയിക്കപ്പെടുന്ന ഉപാധികൾക്കും പരിമിതികൾക്കും വിധേയമായി, അങ്ങനെയുള്ള ഏതെങ്കിലും മോട്ടോർ പരിവഹണ തൊഴിലാളിയോട്, ഏതെങ്കിലും ദിവസം എട്ടു മണിക്കൂറിലധികമോ ഏതെങ്കിലും ആഴ്ച നാല്പത്തെട്ടു മണിക്കൂറിലധികമോ പ്രവൃത്തി ചെയ്യാൻ ആവശ്യപ്പെടുകയോ, അയാളെ അതിന് അനുവദിക്കുകയോ ചെയ്യാവുന്നതാണ്.

14. മോട്ടോർ പരിവഹണ തൊഴിലാളികളായി നിയോജിക്കപ്പെടുന്ന പ്രായപൂർത്തിയാകാററായവരുടെ പ്രവൃത്തി മണിക്കൂറുകൾ.—യാതൊരു പ്രായപൂർത്തിയാകാററായ ആളോടും ഏതെങ്കിലും മോട്ടോർ പരിവഹണ സംരംഭത്തിൽ,—

(ക) അരമണിക്കൂർ വിശ്രമത്തിനുള്ള ഇടവേള ഉൾപ്പെടെ ഒരു ദിവസം ആറുമണിക്കൂറിൽ അധികമോ;

(ഖ) ഉച്ചയ്ക്കുശേഷം പത്തുമണിക്കും ഉച്ചയ്ക്കുമുമ്പ് ആറു മണിക്കും ഇടയിലുള്ള മണിക്കൂറുകളിലോ;

മോട്ടോർ പരിവഹണ തൊഴിലാളിയായി നിയോജിക്കപ്പെടാനോ പ്രവൃത്തി ചെയ്യാൻ അയാളോടു ആവശ്യപ്പെടാനോ പാടുള്ളതല്ല.

15. ദിവസവും വിശ്രമത്തിനുള്ള ഇടവേളകളും.—(1) പ്രായപൂർത്തിയായ മോട്ടോർ പരിവഹണ തൊഴിലാളികളെ സംബന്ധിച്ച്, ഓരോ ദിവസത്തേയും പ്രവൃത്തി മണിക്കൂറുകൾ യാതൊരു പ്രവൃത്തി കാലയളവും അഞ്ചുമണിക്കൂറിൽ കവിയാത്തവിധവും, അങ്ങനെയുള്ള യാതൊരു മോട്ടോർ പരിവഹണ തൊഴിലാളിയും, അയാൾക്ക് അരമണിക്കൂറെങ്കിലും വിശ്രമത്തിനുള്ള ഇടവേള കിട്ടുന്നതിനുമുമ്പായി അഞ്ചു മണിക്കൂറിലധികം പ്രവൃത്തി ചെയ്യാതിരിക്കത്തക്ക വിധവും നിജപ്പെടുത്തേണ്ടതാകുന്നു:

എന്നാൽ, വിശ്രമത്തിനുള്ള ഇടവേളയെ സംബന്ധിച്ചിടത്തോളം, ഈ ഉപവകുപ്പിലെ വ്യവസ്ഥകൾ ഏതു മോട്ടോർ പരിവഹണ തൊഴിലാളിയോടാണോ, ആ ദിവസം ആറുമണിക്കൂറിലധികം പ്രവൃത്തിചെയ്യാൻ ആവശ്യപ്പെട്ടിട്ടില്ലാത്തത്, അങ്ങനെയുള്ള തൊഴിലാളിക്ക് ബാധകമാകുന്നതല്ല.

(2) ഓരോ ദിവസത്തേയും പ്രവൃത്തി മണിക്കൂറുകൾ നിജപ്പെടുത്തുന്നത് ഒരു മോട്ടോർ പരിവഹണ തൊഴിലാളിക്ക്, 13-ാം വകുപ്പ് രണ്ടാം പരിമിതി വ്യവസ്ഥയിൽ പരാമർശിച്ച ഏതെങ്കിലും സംഗതിയിലൊഴികെ, ഏതെങ്കിലും ഒരു ദിവസം ഡ്യൂട്ടി അവസാനിച്ചതിനും പിറേറ ദിവസം ഡ്യൂട്ടി ആരംഭിക്കുന്നതിനും ഇടയ്ക്കു തുടർച്ചയായി ഒമ്പതുമണിക്കൂറെങ്കിലും വിശ്രമത്തിനുള്ള കാലയളവ് അനുവദിക്കത്തക്കവിധം ആയിരിക്കേണ്ടതാകുന്നു.

16. വ്യാപ്തി.—(1) 13-ാം വകുപ്പ് രണ്ടാം പരിമിതി വ്യവസ്ഥയിൽ പരാമർശിച്ച ഏതെങ്കിലും സംഗതിയിലൊഴികെ, പ്രായപൂർത്തിയായ ഒരു മോട്ടോർ പരിവഹണതൊഴിലാളിയുടെ പ്രവൃത്തി മണിക്കൂറുകൾ 15-ാം വകുപ്പിൻകീഴിലെ വിശ്രമത്തിനുള്ള ഇടവേള ഉൾപ്പെടെ ഏതെങ്കിലും ദിവസം പന്ത്രണ്ടു മണിക്കൂറിലധികം വ്യാപിക്കാൻ പാടില്ലാത്തവിധം ഏർപ്പാടുചെയ്യേണ്ടതാകുന്നു.

(2) പ്രായപൂർത്തിയാകാറായ ഒരു മോട്ടോർ പരിവഹണ തൊഴിലാളിയുടെ പ്രവൃത്തി മണിക്കൂറുകൾ, 14-ാം വകുപ്പിൻകീഴിലെ വിശ്രമത്തിനുള്ള ഇടവേള ഉൾപ്പെടെ ഏതെങ്കിലും ദിവസം ഒമ്പതു മണിക്കൂറിലധികം വ്യാപിക്കാൻ പാടില്ലാത്തവിധം ഏർപ്പാടു ചെയ്യേണ്ടതാകുന്നു.

17. വിഭജിതഡ്യൂട്ടി.—ഒരു മോട്ടോർ പരിവഹണ തൊഴിലാളിയുടെ പ്രവൃത്തി മണിക്കൂറുകൾ ഏതെങ്കിലും ദിവസം രണ്ടു ഊഴത്തിലധികമായി വിഭജിക്കാൻ പാടില്ലാത്തതും, ഇത് ഈ ആക്ററിൽ അടങ്ങിയ മററു വ്യവസ്ഥകൾക്കു വിധേയമായിരിക്കുന്നതുമാകുന്നു.

18. പ്രവൃത്തിമണിക്കൂറുകളുടെ നോട്ടീസ്.—(1) ഏതൊരു നിയോജകനും, മോട്ടോർ പരിവഹണ തൊഴിലാളിയോട് പ്രവൃത്തി ചെയ്യാൻ ആവശ്യപ്പെടാവുന്ന മണിക്കൂറുകൾ ഓരോ ദിവസത്തേയ്ക്കും വ്യക്തമായി കാണിച്ചുകൊണ്ട് പ്രവൃത്തി മണിക്കൂറുകളുടെ ഒരു നോട്ടീസ്, നിർണ്ണയിക്കപ്പെടുന്ന ഫാറത്തിലും രീതിയിലും പ്രദർശിപ്പിക്കുകയും ശരിയായി നിലനിറുത്തുകയും ചെയ്യേണ്ടതാകുന്നു.

(2) അങ്ങനെയുള്ള യാതൊരു മോട്ടോർ പരിവഹണ തൊഴിലാളിയോടും അപ്രകാരം പ്രദർശിപ്പിക്കുന്ന പ്രവൃത്തി മണിക്കൂറുകളുടെ നോട്ടീസ് അനുസരിച്ചല്ലാതെ, പ്രവൃത്തി ചെയ്യുവാൻ ആവശ്യപ്പെടുകയോ അയാളെ അതിന് അനുവദിക്കുകയോ ചെയ്യാൻ പാടില്ലാത്തതും, ഇത് ഈ ആക്ററിലടങ്ങിയ മററ് വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതും ആകുന്നു.

19. ആഴ്ചതോറുമുള്ള വിശ്രമം.—(1) സ്റ്റേറ്റ് ഗവൺമെൻറിന്, ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി, ഏതൊരു ഏഴുദിവസക്കാലയളവിലേക്കും, എല്ലാ മോട്ടോർ പരിവഹണ തൊഴിലാളികൾക്കും അനുവദിക്കപ്പെടേണ്ട ഒരു വിശ്രമ ദിവസത്തിന് വ്യവസ്ഥചെയ്യുന്ന ചട്ടം ഉണ്ടാക്കാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഒരു നിയോജകന് ഒരു മോട്ടോർ പരിവഹണ സർവ്വീസിന് എന്തെങ്കിലും തകരാറുണ്ടാകുന്നത് തടയാൻവേണ്ടി, ഒഴിവുദിവസമല്ലാത്ത ഏതെങ്കിലും വിശ്രമ ദിവസം, പ്രവൃത്തിചെയ്യാൻ ഒരു മോട്ടോർ പരിവഹണ തൊഴിലാളിയോട് ആവശ്യപ്പെടാവുന്നതും, എന്നാൽ അത് ആ മോട്ടോർ പരിവഹണ തൊഴിലാളി ഇടയ്ക്കുള്ള ഒരു മുഴുവൻ ദിവസത്തെ ഒഴിവുദിവസം കൂടാതെ തുടർച്ചയായി പത്തുദിവസത്തിലധികം പ്രവൃത്തി ചെയ്യാത്ത വിധമായിരിക്കേണ്ടതുമാകുന്നു.

(3) (1)-ാം ഉപവകുപ്പിൽ അടങ്ങിയ യാതൊന്നും അവധിയിൽ കഴിഞ്ഞ ഏതെങ്കിലും ദിവസം ഉൾപ്പെടെ ആകെ നിയോജന കാലയളവ് ആറു ദിവസത്തിലും കുറഞ്ഞ ഏതെങ്കിലും മോട്ടോർ പരിവഹണത്തൊഴിലാളിക്ക്, ബാധകമാകുന്നതല്ല.

20. പ്രതികര വിശ്രമദിവസം.—ഈ ആക്ററിലെ വ്യവസ്ഥകൾക്കു കീഴിൽ ഒരു നിയോജകന് അനുവദിച്ചിട്ടുള്ള, 19-ാം വകുപ്പിൻെറ പ്രവർത്തനത്തിൽനിന്നുള്ള ഏതെങ്കിലും ഒഴിവാക്കലിൻെറ ഫലമായി, ഒരു മോട്ടോർ പരിവഹണതൊഴിലാളിക്ക്, ആ വകുപ്പിൻകീഴിൽ തനിക്ക് അവകാശപ്പെട്ട വിശ്രമദിവസങ്ങളിൽ ഏതെങ്കിലും ഇല്ലാതാക്കപ്പെട്ടിട്ടുള്ളേടത്ത്, അയാൾക്ക് ആ വിശ്രമദിവസങ്ങൾ തനിക്കു കിട്ടേണ്ട മാസത്തിനുള്ളലോ ആ മാസത്തിന് തൊട്ടുപിന്നീടുള്ള രണ്ടു മാസങ്ങൾക്കുള്ളിലോ അപ്രകാരം നഷ്ടപ്പെട്ട വിശ്രമ ദിവസങ്ങളുടെ തുല്യസംഖ്യയുള്ള പ്രതികര വിശ്രമദിവസങ്ങൾ അനുവദിക്കപ്പെടേണ്ടതാകുന്നു.

## അദ്ധ്യായം VI

## ചെറുപ്രായത്തിലുള്ള ആളുകളുടെ നിയോജനം

21. കുട്ടികളുടെ നിയോജനംനിരോധിക്കുന്നത്.—യാതൊരു കുട്ടിയോടും ഏതെങ്കിലും മോട്ടോർ പരിവഹണസംരംഭത്തിൽ ഏതെങ്കിലും നിലയിൽ പ്രവൃത്തിചെയ്യാൻ ആവശ്യപ്പെടുകയോ, കുട്ടിയെ അതിന് അനുവദിക്കുകയോ ചെയ്യാൻപാടുള്ളതല്ല.

22. മോട്ടോർ പരിവഹണ തൊഴിലാളികളായി നിയോജിക്കപ്പെടുന്ന പ്രായപൂർത്തിയാകാറായവർ ടോക്കണുകൾ കൊണ്ടുനടക്കണമെന്ന്.—പ്രായപൂർത്തിയാകാറായ യാതൊരാളോടും ഏതെങ്കിലും മോട്ടോർ പരിവഹണസംരംഭത്തിൽ മോട്ടോർ പരിവഹണതൊഴിലാളി ആയി പ്രവൃത്തി ചെയ്യാൻ—

(ക) അയാളെ സംബന്ധിച്ച് 23-ാം വകുപ്പിൻ കീഴിൽ നല്കപ്പെട്ടിട്ടുള്ള ഒരു യോഗ്യതാസർട്ടിഫിക്കററ് നിയോജകൻെറ കസ്ററഡിയിൽ ഉണ്ടായിരിക്കുകയും;

(ഖ) അങ്ങനെയുള്ള പ്രായപൂർത്തിയാകാറായ ആൾ താൻ പ്രവൃത്തി ചെയ്യുന്ന സമയത്ത്, അങ്ങനെയുള്ള സർട്ടിഫിക്കററിനെക്കുറിച്ച് സൂചന നല്കുന്ന ഒരു ടോക്കൺ തൻെറകൂടെ കൊണ്ടുനടക്കുകയും;

ചെയ്യാത്തപക്ഷം, ആവശ്യപ്പെടുകയോ അയാളെ അതിന് അനുവദിക്കുകയോ ചെയ്യാൻപാടുള്ളതല്ല.

23. <u>യോഗ്യതാ സർട്ടിഫിക്കററ്.</u>—(1) മോട്ടോർ പരിവഹണ തൊഴിലാളി യുടെ പ്രവൃത്തിക്ക് യോഗ്യതയുള്ളവനാണെന്ന് സർട്ടിഫൈ ചെയ്യപ്പെടുന്നുവെങ്കിൽ, ഏതെങ്കിലും പ്രായപൂർത്തിയാകാററായ ആളെ ഒരു മോട്ടോർ പരിവഹണ സംരംഭത്തിൽ അങ്ങനെയുള്ള തൊഴിലാളിയായി നിയോജിക്കുന്നതാണെന്നുള്ള നിയോജകനോ നിയോജകനുവേണ്ടി മറേറതെങ്കിലും ആളോ ഒപ്പിട്ട ഒരു രേഖ സഹിതമുള്ള, ആ പ്രായപൂർത്തിയാകാററായ ആളുടേയോ അയാളുടെ മാതാപിതാക്കൻമാരിലൊരാളുടേയോ രക്ഷാകർത്താവിൻേറയോ അപേക്ഷയിൻമേലോ, അല്ലെങ്കിൽ പ്രവൃത്തി ചെയ്യാൻ ഉദ്ദേശിക്കുന്ന ഏതെങ്കിലും പ്രായപൂർത്തിയാകാററായ ആളെ സംബന്ധിച്ചുള്ള നിയോജകൻേറയോ നിയോജകനുവേണ്ടിയുള്ള മറേറതെങ്കിലും ആളുടേയോ അപേക്ഷയിൻമേലോ, സർട്ടിഫൈ ചെയ്യുന്ന സർജൻ ആ പ്രായപൂർത്തിയാകാററായ ആളെ പരിശോധിക്കുകയും മോട്ടോർ പരിവഹണ തൊഴിലാളിയായി പ്രവൃത്തിചെയ്യാനുള്ള അയാളുടെ യോഗ്യത തിട്ടപ്പെടുത്തുകയും ചെയ്യേണ്ടതാകുന്നു.

(2) ഈ വകുപ്പിൻകീഴിൽ നല്കുന്ന ഒരു യോഗ്യതാ സർട്ടിഫിക്കററ്, അതിൻെറ തീയതി മുതൽ പന്ത്രണ്ടുമാസക്കാലത്തേക്ക് സാധുവായിരിക്കുന്നതും; എന്നാൽ അതു പുതുക്കാവുന്നതുമാണ്.

(3) ഈ വകുപ്പിൻകീഴിലെ ഒരു സർട്ടിഫിക്കററിന് കൊടുക്കേണ്ട ഏതെങ്കിലും ഫീസ്, നിയോജകൻ കൊടുക്കേണ്ടതും, പ്രായപൂർത്തിയാകാററായ ആളിൽനിന്നോ അയാളുടെ മാതാപിതാക്കൻമാരിൽ ആരിലെങ്കിലുംനിന്നോ രക്ഷാകർത്താവിൽനിന്നോ വസൂലാക്കപ്പെടാവുന്നതല്ലാത്തതും ആകുന്നു.

24. <u>മെഡിക്കൽ പരിശോധന ആവശ്യപ്പെടാനുള്ള അധികാരം.</u>—ഏതെങ്കിലും മോട്ടോർ പരിവഹണസംരംഭത്തിൽ യോഗ്യതാസർട്ടിഫിക്കററ് കൂടാതെ പ്രവൃത്തിചെയ്യുന്ന ഒരു മോട്ടോർ പരിവഹണ തൊഴിലാളി പ്രായപൂർത്തിയാകാററായ ആളാണെന്ന് ഒരു ഇൻസ്പെക്ററർക്ക് അഭിപ്രായമുള്ളിടത്ത്, ഇൻസ്പെക്ററർക്ക്, അങ്ങനെയുള്ള പ്രായപൂർത്തിയാകാററായ മോട്ടോർ പരിവഹണതൊഴിലാളി ഒരു സർട്ടിഫൈ ചെയ്യുന്ന സർജനാൽ പരിശോധിക്കപ്പെടണമെന്ന് ആവശ്യപ്പെടുന്ന ഒരു നോട്ടീസ്, നിയോജകന് നടത്താവുന്നതും, അങ്ങനെയുള്ള പ്രായപൂർത്തിയാകാററായ മോട്ടോർ പരിവഹണതൊഴിലാളി, അയാളെ അപ്രകാരം പരിശോധിച്ചിരിക്കുകയും 23-ാം വകുപ്പിൻകീഴിൽ അയാൾക്ക് ഒരു യോഗ്യതാ സർട്ടിഫിക്കററ് നല്കിയിരിക്കുകയും ചെയ്യുന്നതുവരെ ഏതെങ്കിലും മോട്ടോർ പരിവഹണസംരംഭത്തിൽ നിയോജിക്കപ്പെടുകയോ പ്രവൃത്തിചെയ്യാൻ അനുവദിക്കപ്പെടുകയോ ചെയ്യാൻപാടുള്ളതല്ലെന്ന് ഇൻസ്പെക്ററർ നിദേശിക്കുന്നുവെങ്കിൽ, അയാൾ അപ്രകാരം നിയോജിക്കപ്പെടുകയോ അനുവദിക്കപ്പെടുകയോ ചെയ്യാൻ പാടില്ലാത്തതും ആകുന്നു.

## അദ്ധ്യായം VII

## കൂലിയും അവധിയും

25. <u>മോട്ടോർ പരിവഹണതൊഴിലാളികൾക്ക് കൂലി കൊടുക്കുന്നതിൽ, 1936-ലെ 4-ാം ആക്ററ് ബാധകമാകുമെന്ന്.</u>—കൂലികൊടുക്കൽ ആക്ററ്, 1936 (1936-ലെ 4), തൽസമയം പ്രാബല്യത്തിലുള്ളപ്രകാരം, ഒരു മോട്ടോർ പരിവഹണ സംരംഭത്തിൽ ഏർപ്പെട്ടിരിക്കുന്ന മോട്ടോർ പരിവഹണതൊഴിലാളികൾക്ക്, അത്, ഒരു വ്യാവസായികസ്ഥാപനത്തിൽ കൊടുക്കേണ്ട കൂലിക്ക് ബാധകമാകുന്നതുപോലെ, ആ ആക്ററ്, അതിലെ 1-ാം വകുപ്പ് (5)-ാം ഉപവകുപ്പിൻകീഴിലെ സ്റേററ് ഗവൺമെൻറിൻെറ വിജ്ഞാപനംവഴി, അങ്ങനെ

യുള്ള മോട്ടോർ പരിവഹണ തൊഴിലാളികൾക്ക് കൂലി കൊടുക്കുന്നതിന് ആക്റ്റ് വ്യാപിപ്പിച്ചിട്ടുണ്ടായിരുന്നാലെന്നപോലെയും, മോട്ടോർ പരിവഹണ സംരംഭം ആ ആക്റ്റിന്റെ അർത്ഥത്തിൽ വ്യാവസായിക സ്ഥാപനമായിരുന്നാലെന്നപോലെയും ബാധകമായിരിക്കുന്നതാണ്.

26. ഓവർടൈമിനുള്ള അധികകൂലി.—(1) പ്രായപൂർത്തിയായ ഒരു മോട്ടോർ പരിവഹണ തൊഴിലാളി 13-ാം വകുപ്പിലെ ഒന്നാം പരിമിതിവ്യവസ്ഥയിൽ പരാമർശിച്ച ഏതെങ്കിലും സംഗതിയിൽ ഏതെങ്കിലും ദിവസം എട്ടു മണിക്കൂറിലധികം പ്രവൃത്തി ചെയ്യുന്നിടത്തോ, അല്ലെങ്കിൽ അയാളോട് 19-ാം വകുപ്പ് (2)-ാം ഉപവകുപ്പിൻകീഴിൽ ഏതെങ്കിലും വിശ്രമദിവസം പ്രവൃത്തി ചെയ്യാൻ ആവശ്യപ്പെടുന്നിടത്തോ അയാൾക്ക്, അതതു സംഗതിപോലെ, ഓവർടൈം പ്രവൃത്തിയോ വിശ്രമദിവസം ചെയ്ത പ്രവൃത്തിയോ സംബന്ധിച്ച്, അയാളുടെ സാധാരണ കൂലിനിരക്കിന്റെ ഇരട്ടിനിരക്കിൽ കൂലിക്ക് അവകാശമുണ്ടായിരിക്കുന്നതാണ്.

(2) പ്രായപൂർത്തിയായ ഒരു മോട്ടോർ പരിവഹണ തൊഴിലാളി 13-ാം വകുപ്പിന്റെ രണ്ടാം പരിമിതിവ്യവസ്ഥയിൽ പരാമർശിച്ച ഏതെങ്കിലും സംഗതിയിൽ ഏതെങ്കിലും ദിവസം എട്ടുമണിക്കൂറിലധികം പ്രവൃത്തി ചെയ്യുന്നിടത്ത്, അയാൾക്ക് ഓവർടൈം പ്രവൃത്തി സംബന്ധിച്ച് നിർണ്ണയിക്കപ്പെടുന്ന നിരക്കുകളിൽ കൂലിക്ക് അവകാശമുണ്ടായിരിക്കുന്നതാണ്.

(3) പ്രായപൂർത്തിയാകാറായ ഒരു മോട്ടോർ പരിവഹണ തൊഴിലാളിയോട് 19-ാം വകുപ്പ് (2)-ാം ഉപവകുപ്പിൻകീഴിൽ ഏതെങ്കിലും വിശ്രമദിവസം പ്രവൃത്തിചെയ്യാൻ ആവശ്യപ്പെടുന്നിടത്ത്, അയാൾക്ക് വിശ്രമദിവസം ചെയ്ത പ്രവൃത്തി സംബന്ധിച്ച് അയാളുടെ സാധാരണ കൂലിനിരക്കിന്റെ ഇരട്ടി നിരക്കിൽ കൂലിക്ക് അവകാശമുണ്ടായിരിക്കുന്നതാണ്.

(4) ഈ വകുപ്പിന്റെ ആവശ്യങ്ങൾക്ക്, ഒരു മോട്ടോർ പരിവഹണ തൊഴിലാളിയെ സംബന്ധിച്ച്, "സാധാരണ കൂലിനിരക്കിന്", അയാളുടെ അടിസ്ഥാനകൂലിയും ക്ഷാമബത്തയും കൂടിയത് എന്നർത്ഥമാകുന്നു.

27. കൂലിയോടുകൂടിയ വാർഷികാവധി.—(1) നിർണ്ണയിക്കപ്പെടുന്ന ഒഴിവ് ദിവസങ്ങൾക്ക് ഭംഗം വരാതെ ഒരു കലണ്ടർവർഷത്തിൽ, ഒരു മോട്ടോർ പരിവഹണസംരംഭത്തിൽ ഇരുനൂററിനാല്പതു ദിവസമോ, അതിലധികമോ കാലം പ്രവൃത്തി ചെയ്തിട്ടുള്ള ഏതൊരു മോട്ടോർ പരിവഹണ തൊഴിലാളിക്കും, പിൻകലണ്ടർ വർഷത്തിൽ—

(ക) പ്രായപൂർത്തിയായ ആളാണെങ്കിൽ, മുൻ കലണ്ടർവർഷത്തിൽ അയാൾ ചെയ്ത ഓരോ ഇരുപതു ദിവസത്തെ പ്രവൃത്തിയ്ക്കും ഒരു ദിവസവും;

(ഖ) പ്രായപൂർത്തിയാകാറായ ആളാണെങ്കിൽ, മുൻകലണ്ടർവർഷത്തിൽ അയാൾ ചെയ്ത ഓരോ പതിനഞ്ചു ദിവസത്തെ പ്രവൃത്തിക്കും ഒരു ദിവസവും;

എന്ന നിരക്കിൽ കണക്കാക്കിയ അത്രയും ദിവസത്തേക്ക് കൂലിയോടുകൂടിയ അവധി അനുവദിക്കേണ്ടതാകുന്നു.

(2) തന്റെ സേവനം ജനുവരി ഒന്നാം തീയതി അല്ലാതെ ആരംഭിക്കുന്ന ഒരു മോട്ടോർപരിവഹണതൊഴിലാളിക്ക്, താൻ ആ കലണ്ടർ വർഷത്തിൽ ബാക്കിയുള്ള ഒട്ടാകെ ദിവസങ്ങളിൽ മൂന്നിൽ രണ്ടുഭാഗം പ്രവൃത്തി ചെയ്തിട്ടുണ്ടെങ്കിൽ, അതതു സംഗതിപോലെ, (1)-ാം ഉപവകുപ്പ് (ക) ഖണ്ഡത്തിലോ ആ ഉപവകുപ്പ് (ഖ) ഖണ്ഡത്തിലോ പ്രതിപാദിക്കുന്ന നിരക്കിൽ, കൂലിയോടു കൂടിയ അവധിയ്ക്ക് അവകാശമുണ്ടായിരിക്കുന്നതാണ്.

(3) ഒരു മോട്ടോർ പരിവഹണ തൊഴിലാളി, വർഷത്തിൻെറ ഇടയ്ക്കു വച്ച് സേവനത്തിൽനിന്ന് ഡിസ്ചാർജ്ജ് ചെയ്യപ്പെടുകയോ ഡിസ്മിസ് ചെയ്യപ്പെടുകയോ ചെയ്യുന്നുവെങ്കിൽ, (1)-ാം ഉപവകുപ്പിലോ (2)-ാം ഉപവകുപ്പിലോ വിനിർദ്ദേശിക്കുന്നതും, ആർജ്ജിതാവധിയ്ക്ക് അയാൾക്ക് അവകാശമുണ്ടാകുന്നതുമായ മുഴുവൻ കാലയളവും, അയാൾ പ്രവൃത്തി ചെയ്തിട്ടില്ലെന്നിരുന്നാലും, അയാൾക്ക് (1)-ാം ഉപവകുപ്പിൽ പ്രതിപാദിക്കുന്ന നിരക്കിൽ കൂലിയോടുകൂടിയ അവധിയ്ക്ക് അവകാശമുണ്ടായിരിക്കുന്നതാണ്.

(4) ഈ വകുപ്പിൻകീഴിൽ അവധി കണക്കാക്കുന്നതിൽ, അവധിയുടെ പകുതി ദിവസത്തേയോ അതിലധികമോ ആയ ഭിന്നിതം ഒരു മുഴുവൻ ദിവസത്തെ അവധിയായി പരിഗണിക്കേണ്ടതും, പകുതി ദിവസത്തിൽ കുറഞ്ഞ ഭിന്നിതം വിട്ടുകളയേണ്ടതും ആകുന്നു.

(5) ഒരു മോട്ടോർ പരിവഹണതൊഴിലാളി, ഏതെങ്കിലും കലണ്ടർ വർഷത്തിൽ അതതുസംഗതിപോലെ, (1)-ാം ഉപവകുപ്പിനോ (2)-ാം ഉപവകുപ്പിനോ കീഴിൽ, തനിക്കു അനുവദിക്കപ്പെടുന്ന അവധിമുഴുവനും എടുക്കുന്നില്ലെങ്കിൽ, അയാൾ എടുത്തിട്ടില്ലാത്ത ഏതെങ്കിലും അവധി, പിന്നത്തെ കലണ്ടർ വർഷത്തിൽ അയാൾക്ക് അനുവദിക്കേണ്ട അവധിയോട് കൂട്ടേണ്ടതാകുന്നു:

എന്നാൽ പിന്നത്തെ വർഷത്തിലേക്ക് എടുത്തെഴുതാവുന്ന അവധി ദിവസങ്ങളുടെ ആകെ എണ്ണം, പ്രായപൂർത്തിയായ ഒരാളുടെ സംഗതിയിൽ മുപ്പതിലും പ്രായപൂർത്തിയാകാറായ ആളുടെ സംഗതിയിൽ നാല്പതിലും, കവിയാൻ പാടുള്ളതല്ല.

(6) ഈ വകുപ്പിൽ ''കലണ്ടർ വർഷ''ത്തിന്, ജനുവരി ഒന്നാം ദിവസം ആരംഭിക്കുന്ന വർഷം എന്നർത്ഥമാകുന്നു.

വിശദീകരണം.—ഈ വകുപ്പിൻെറ ആവശ്യങ്ങൾക്ക്, അവധിയിൽ ആഴ്ച തോറുമുള്ള ഒഴിവുദിവസങ്ങളോ, ഉത്സവത്തിനോ മററു സദൃശസന്ദർഭങ്ങൾക്കോ ഉള്ള ഒഴിവുദിവസങ്ങളോ, അവ അവധിക്കാലത്തിൻെറ ഇടയ്ക്കോ തുടക്കത്തിലോ അവസാനത്തിലോ ആയിരുന്നാലും, ഉൾപ്പെടുന്നതല്ല.

28. <u>അവധികാലത്തെ കൂലി</u>.—(1) 27-ാം വകുപ്പിൻകീഴിൽ തനിക്ക് അനുവദിക്കുന്ന അവധിയ്ക്ക് ഒരു മോട്ടോർ പരിവഹണ തൊഴിലാളിക്ക് ഓവർറൈറം ആർജ്ജനങ്ങളും ബോണസും, വല്ലതുമുണ്ടെങ്കിൽ അവ ഒഴിച്ചു നിറുത്തിക്കൊണ്ടും എന്നാൽ ക്ഷാമബത്തയും അയാൾ പ്രവൃത്തി ചെയ്ത ദിവസത്തേയ്ക്ക് നിയോജകൻ ഭക്ഷ്യധാന്യങ്ങൾ സൗജന്യമായി നല്കുന്നതു വഴി സിദ്ധിക്കുന്ന ആനുകൂല്യം വല്ലതുമുണ്ടെങ്കിൽ, അതിനു സമാനമായ പണം ഉൾപ്പെടുത്തിക്കൊണ്ടും, അയാളുടെ അവധിയ്ക്കു തൊട്ടുമുമ്പുള്ള മാസത്തിൽ, അയാൾ പ്രവൃത്തി ചെയ്ത ദിവസങ്ങളിലെ, അയാളുടെ മുഴുവൻ സമയത്തെ ഒട്ടാകെ കൂലിയുടെ പ്രതിദിന ശരാശരിയ്ക്ക് തുല്യമായ നിരക്കിൽ കുലികൊടുക്കേണ്ടതാകുന്നു.

(2) 27-ാം വകുപ്പിൻകീഴിൽ നാലുദിവസത്തിൽ കുറയാത്ത അവധി അനുവദിച്ചിട്ടുള്ള ഒരു മോട്ടോർ പരിവഹണതൊഴിലാളിയ്ക്ക്, അയാൾ ഇതിലേയ്ക്ക് നിയോജകന് കൊടുക്കുന്ന അപേക്ഷയിൻമേൽ, അയാളുടെ അവധി ആരംഭിക്കുന്നതിനു മുൻപ്, അയാളുടെ അവധിയുടെ കാലത്തേയ്ക്ക് അയാൾക്ക് കൊടുക്കേണ്ട കൂലിക്ക് തുല്യമായ ഒരു ഏകദേശത്തുക അയാൾക്ക് മുൻകൂറായി കൊടുക്കേണ്ടതും, അപ്രകാരം കൊടുക്കുന്ന ഏതെങ്കിലും തുക മുൻപറഞ്ഞകാലത്തേയ്ക്ക് അയാൾക്ക് കൊടുക്കാനുള്ള കൂലിയിലേയ്ക്ക് വകവയ്ക്കേണ്ടതും, ആകുന്നു.

(3) ഒരു മോട്ടോർ പരിവഹണ തൊഴിലാളിക്ക്, 27-ാം വകുപ്പ് (3)-ാം ഉപവകുപ്പിൻകീഴിൽ അയാൾക്ക് അവകാശമുള്ള അവധി നല്കുന്നില്ലെങ്കിൽ, അയാൾക്ക്, അതിനുപകരം (1)-ാം ഉപവകുപ്പിൽ വിനിർദ്ദേശിക്കുന്ന നിരക്കുകളിൽ, കൂലി കൊടുക്കേണ്ടതാകുന്നു.

## അദ്ധ്യായം VIII

## ദണ്ഡനങ്ങളും നടപടിക്രമവും

29. തടസ്സങ്ങൾ.—(1) ഒരു ഇൻസ്പെക്ററെ ഈ ആക്ററിൻകീഴിലെ തന്റെ കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിൽ, തടസ്സപ്പെടുത്തുകയോ അല്ലെങ്കിൽ ഏതെങ്കിലും മോട്ടോർ പരിവഹണസംരംഭം സംബന്ധിച്ച്, ഈ ആക്ററിനാലോ ആക്ററിൻകീഴിലോ പ്രാധികാരപ്പെടുത്തപ്പെടുന്ന ഏതെങ്കിലും പരിശോധനയോ വിസ്താരമോ അന്വേഷണവിചാരണയോ നടത്തുന്നതിന് ഇൻസ്പെക്ററർക്ക് ഏതെങ്കിലും ന്യായമായ സൗകര്യം നല്കാൻ വിസമ്മതിക്കുകയോ നല്കുന്നതിൽ മനഃപൂർവ്വം വീഴ്ചവരുത്തുകയോ ചെയ്യുന്ന ഏതൊരാളും മൂന്നുമാസത്തോളമാകാവുന്ന കാലത്തെ തടവുശിക്ഷയോ അഞ്ഞൂറു രൂപയോളമാകാവുന്ന പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

(2) ഈ ആക്ററിന് അനുസൃതമായി വച്ചുപോരുന്ന ഏതെങ്കിലും രജിസ്ററരോ മററു രേഖയോ, ഒരു ഇൻസ്പെക്ററർ ആവശ്യപ്പെട്ടതിൻമേൽ, ഹാജരാക്കാൻ മനഃപൂർവ്വം വിസമ്മതിക്കുകയോ അല്ലെങ്കിൽ ഈ ആക്ററിൻകീഴിലെ തന്റെ കർത്തവ്യങ്ങൾക്ക് അനുസൃതമായി പ്രവർത്തിക്കുന്ന ഒരു ഇൻസ്പെക്ററുടെ മുമ്പിൽ ഹാജരാകുന്നതിൽനിന്നോ ഇൻസ്പെക്ററാൽ വിസ്തരിക്കപ്പെടുന്നതിൽനിന്നോ ഏതെങ്കിലും ആളെ തടയുകയോ തടയാൻ ശ്രമിക്കുകയോ തടയാൻ ഇടയുള്ളതാണെന്ന് തനിക്ക് വിശ്വസിക്കാൻ കാരണമുള്ള ഏതെങ്കിലും ചെയ്യുകയോ ചെയ്യുന്ന ഏതൊരാളും, മൂന്നുമാസത്തോളമാകാവുന്ന കാലത്തെ തടവുശിക്ഷയോ അഞ്ഞൂറു രൂപയോളമാകാവുന്ന പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശക്ഷിക്കപ്പെടുന്നതാകുന്നു.

30. വ്യാജമായ യോഗ്യതാ സർട്ടിഫിക്കററ് ഉപയോഗിക്കുന്നത്.—23-ാം വകുപ്പിൻകീഴിൽ മറെറാരാൾക്ക് നല്കപ്പെട്ട ഒരു സർട്ടിഫിക്കററ് ആ വകുപ്പിൻകീഴിൽ തനിക്കു നല്കപ്പെട്ട ഒരു യോഗ്യതാസർട്ടിഫിക്കററായി ബോധപൂർവ്വം ഉപയോഗിക്കുകയോ, ഉപയോഗിക്കാൻ ശ്രമിക്കുകയോ, അല്ലെങ്കിൽ തനിക്ക് ഒരു യോഗ്യതാസർട്ടിഫിക്കററ് നല്കപ്പെട്ടിരിക്കെ, അതു മറെറാരാളാൽ ഉപയോഗിക്കപ്പെടാനോ ഉപയോഗിക്കപ്പെടാനുള്ള ശ്രമം നടത്തുവാനോ ബോധപൂർവ്വം അനുവദിക്കുകയോ ചെയ്യുന്ന ഏതൊരാളും ഒരു മാസത്തോളമാകാവുന്ന തടവുശിക്ഷയോ അമ്പതു രൂപയോളമാകാവുന്ന പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

31. മോട്ടോർ പരിവഹണ തൊഴിലാളികളെ നിയോജിക്കുന്നത് സംബന്ധിച്ച വ്യവസ്ഥകളുടെ ഉല്ലംഘനം.—ഈ ആക്ററിനാലോ അതിൻകീഴിലോ മററു വിധത്തിൽ അനുവദിക്കപ്പെടുന്ന വിധമൊഴികെ, ഒരു മോട്ടോർ പരിവഹണ സംരംഭത്തിൽ ആളുകളെ നിയോജിക്കുന്നതു നിരോധിക്കുന്നതോ പരിമിതിപ്പെടുത്തുന്നതോ ക്രമപ്പെടുന്നതോ ആയ ഈ ആക്ററിലേയോ അതിൻകീഴിൽ ഉണ്ടാകുന്ന ഏതെങ്കിലും ചട്ടങ്ങളിലേയോ ഏതെങ്കിലും വ്യവസ്ഥ ഉല്ലംഘിക്കുന്ന ഏതൊരാളും മൂന്നുമാസത്തോളമാകാവുന്ന കാലത്തെ തടവുശിക്ഷയോ

അഞ്ഞൂറു്രൂപയോളമാകാവുന്ന പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കിയും, തുടർച്ചയായുള്ള ഉല്ലംഘനത്തിന്റെ സംഗതിയിൽ, അങ്ങനെയുള്ള ആദ്യത്തെ ഉല്ലംഘനത്തിനുള്ള കുററസ്ഥാപനത്തിനുശേഷം അങ്ങനെയുള്ള ഉല്ലംഘനം തുടരുന്ന ഏതൊരു ദിവസത്തേയ്ക്കും എഴുപത്തഞ്ചുരൂപയോളമാകാവുന്ന കൂടുതൽ പിഴശിക്ഷ നല്കിയും ശിക്ഷിക്കപ്പെടുന്നതാകുന്നു.

32. മററു കുററങ്ങൾ.—ഏതെങ്കിലും ആൾ ഏതെങ്കിലും നിദേശം നല്കാൻ ഈ ആക്ററിൻ കീഴിൽ പ്രാധികാരപ്പെടുത്തപ്പെട്ട ഏതെങ്കിലും ആളാലോ അധികാരസ്ഥാപനത്താലോ നിയമാനുസൃതം നല്കപ്പെടുന്ന അങ്ങനെയുള്ള നിദേശം മനഃപൂർവ്വം അനുസരിക്കാതിരിക്കുകയോ, അല്ലെങ്കിൽ ഈ ആക്ററിലേയോ അതിൻകീഴിൽ ഉണ്ടാക്കപ്പെടുന്ന ഏതെങ്കിലും ചട്ടങ്ങളിലേയോ വ്യവസ്ഥകളിൽ ഏതെങ്കിലും ഉല്ലംഘിക്കുകയോ ചെയ്യുകയും, അതിന് ഈ ആക്ററിനാലോ അതിൻകീഴിലോ മററ് ഒരിടത്തും മററു യാതൊരു ദണ്ഡനവും വ്യവസ്ഥ ചെയ്തിട്ടില്ലാതിരിക്കുകയും ചെയ്യുന്നുവെങ്കിൽ, അയാൾ മൂന്നുമാസത്തോളമാകാവുന്ന കാലത്തെ തടവുശിക്ഷയോ അഞ്ഞൂറുരൂപയോളമാകാവുന്ന പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കിശിക്ഷിക്കപ്പെടുന്നതാകുന്നു.

33. മുൻകുററസ്ഥാപനത്തിന് ശേഷമുള്ള വർദ്ധിപ്പിച്ച ദണ്ഡനം.—ഈ ആക്ററിൻകീഴിൽ ശിക്ഷിക്കപ്പെടാവുന്ന ഏതെങ്കിലും കുററത്തിന്, കുററസ്ഥാപനം ചെയ്യപ്പെട്ടിട്ടുള്ള ഏതെങ്കിലും ആൾ, അതേവ്യവസ്ഥയുടെ ഉല്ലംഘനം ഉൾക്കൊള്ളുന്ന ഒരു കുററത്തിന് വീണ്ടും അപരാധിയാകുന്നുവെങ്കിൽ അയാൾ പിന്നീടുള്ള കുററസ്ഥാപനത്തിൻമേൽ, ആറുമാസത്തോളമാകാവുന്ന കാലത്തെ തടവുശിക്ഷയോ ആയിരം രൂപയോളമാകാവുന്ന പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു;

എന്നാൽ ശിക്ഷ നല്കപ്പെടുന്ന കുററം ചെയ്തതിനു രണ്ടുവർഷത്തിലധികം മുമ്പ് ചെയ്ത ഏതെങ്കിലും കുററസ്ഥാപനം ഈ വകുപ്പിന്റെ ആവശ്യങ്ങൾക്ക് പരിഗണനയ്ക്കെടുക്കാൻ പാടുള്ളതല്ല.

34. കമ്പനികളാലുള്ള കുററങ്ങൾ.—(1) ഈ ആക്ററിൻകീഴിൽ കുററം ചെയ്യുന്ന ആൾ കമ്പനിയാണെങ്കിൽ, കമ്പനിയ്ക്കു പുറമേ കുററംചെയ്യുന്ന സമയത്ത് കമ്പനിയുടെ ബിസിനസ്സിന്റെ നടത്തിപ്പിന് വേണ്ടി കമ്പനിയുടെ ചാർജുണ്ടായിരുന്നതും കമ്പനിയോട് ഉത്തരവാദിത്വമുണ്ടായിരുന്നതുമായ ഏതൊരാളും, ആ കുററത്തിന് അപരാധിയാണെന്നു കരുതപ്പെടുന്നതും, അതനുസരിച്ച് എതിരായി നടപടിയെടുക്കപ്പെടുകയും ശിക്ഷിക്കപ്പെടുകയും ചെയ്യാൻ അർഹരാകുന്നതും ആണ്:

എന്നാൽ, ഈ ഉപവകുപ്പിൽ അടങ്ങിയ യാതൊന്നും, അങ്ങനെയുള്ള ഏതെങ്കിലും ആളെ കുററംചെയ്യപ്പെട്ടതു തന്റെ അറിവുകൂടാതെയാണെന്നോ, അല്ലെങ്കിൽ അങ്ങനെയുള്ള കുററംചെയ്യപ്പെടുന്നതു തടയാൻ താൻ വേണ്ടത്ര ശ്രദ്ധ ചെലുത്തിയിരുന്നുവെന്നോ അയാൾ തെളിയിക്കുന്നുവെങ്കിൽ, ഏതെങ്കിലും ശിക്ഷയ്ക്ക് അർഹനാക്കുന്നതല്ല;

(2) (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്ററിൻകീഴിലെ ഒരു കുററം, ഒരു കമ്പനി ചെയ്തിരിക്കുകയും, ആ കുററം, കമ്പനിയുടെ ഏതെങ്കിലും ഡയറക്ററുടേയോ മാനേജരുടേയോ മാനേജിങ്ങ് എജൻറിൻേറയോ, മററ് ഉദ്യോഗസ്ഥൻേറയോ സമ്മതത്തോടെ മൗനാനുവാദത്തോടുകൂടി ചെയ്തിട്ടുള്ളതാണെന്നോ, അല്ലെങ്കിൽ കുററം ചെയ്തിട്ടുള്ളത് അയാളുടെ ഭാഗത്തുള്ള ഏതെങ്കിലും ഉപേക്ഷ മൂലമാണെന്നു കല്പിക്കപ്പെടാം

വുന്നതാണെന്നോ തെളിയിക്കുകയും ചെയ്യുന്നിടത്ത്, കമ്പനിയുടെ അങ്ങനെയുള്ള ഡയറക്ടറോ, മാനേജരോ, മാനേജിംഗ് ഏജൻറോ മററു ഉദ്യോഗസ്ഥനോ കൂടി ആ കുററത്തിന് അപരാധിയായി കരുതപ്പെടുന്നതും, അതനുസരിച്ച് എതിരായി നടപടി എടുക്കപ്പെടുകയും ശിക്ഷിക്കപ്പെടുകയും ചെയ്യാൻ അർഹനായിരിക്കുന്നതും ആകുന്നു.

വിശദീകരണം.—ഈ വകുപ്പിൻെറ ആവശ്യങ്ങൾക്ക്,—

(ക) 'കമ്പനി' എന്നാൽ, ഏതെങ്കിലും ഏകാംഗീകൃതനികായം എന്നർത്ഥമാകുന്നതും, അതിൽ ഒരു ഫേമോ, വ്യക്തികളുടെ മററു സംഘടനയോ ഉൾപ്പെടുന്നതും;

(ഖ) 'ഡയറക്ടർ' എന്നാൽ, ഒരു ഫേം സംബന്ധിച്ച്, ഫേമിലെ പങ്കാളി എന്നർത്ഥമാകുന്നതും;

ആകുന്നു.

35. കുററങ്ങൾ നടപടിയ്ക്കെടുക്കുന്നത്.—യാതൊരു കോടതിയും, ഈ ആക്ററിൻകീഴിലെ ഏതെങ്കിലും കുററം, ഇൻസ്പെക്ടറോ, ഇൻസ്പെക്ടറുടെ ലിഖിതമായ മുൻ അനുമതിയോടുകൂടിയോ കൊടുക്കുന്ന പരാതിയിൻമേൽ ഒഴികെ, നടപടിക്കെടുക്കാൻപാടില്ലാത്തതും, പ്രസിഡൻസി മജിസ്ട്രേററിൻെറയോ ഒന്നാം ക്ലാസ് മജിസ്ട്രേററിൻെറയോ കോടതിയിൽ താഴെയുള്ള യാതൊരു കോടതിയും, ഈ ആക്ററിൻകീഴിൽ ശിക്ഷിക്കപ്പെടാവുന്ന ഏതെങ്കിലും കുററം വിചാരണ ചെയ്യാൻപാടില്ലാത്തതും ആകുന്നു.

36. പ്രാസിക്യൂഷനുകൾക്കുള്ള കാലഹരണം.—യാതൊരു കോടതിയും, ഈ ആക്ററിൻകീഴിൽ ശിക്ഷിക്കപ്പെടാവുന്ന ഒരു കുററം, അതിനെക്കുറിച്ചുള്ള പരാതി പറയപ്പെടുന്ന കുററം ചെയ്തത് ഇൻസ്പെക്ടറുടെ അറിവിൽവന്ന തീയതി മുതൽ മൂന്നുമാസത്തിനുള്ളിൽ കൊടുക്കാത്തപക്ഷം നടപടിക്കെടുക്കാൻ പാടുള്ളതല്ല:

എന്നാൽ, കുററം, ഇൻസ്പെക്ടർ ചെയ്ത ലിഖിതമായ ഉത്തരവ് അനുസരിക്കാതിരിക്കൽ ആയിരിക്കുന്നിടത്ത്, അതിനെക്കുറിച്ചുള്ള പരാതി കുററം ചെയ്തതായി പറയപ്പെടുന്ന തീയതിതൊട്ട് ആറുമാസത്തിനുള്ളിൽ കൊടുക്കാവുന്നതാണ്.

## അദ്ധ്യായം IX

## പലവക

37. ഈ ആക്ററിനോട് അസംഗതമായ നിയമങ്ങളുടേയും കരാറുകളുടേയും പ്രഭാവം.—(1) ഈ ആക്ററിലെ വ്യവസ്ഥകൾക്ക് അസംഗതമായി മറേറതെങ്കിലും നിയമത്തിലോ, ഏതെങ്കിലും അവാർഡിൻെറയോ കരാറിൻെറയോ സേവന കാൺട്രാക്ററിൻെറയോ നിബന്ധനകളിലോ, അവ ഈ ആക്ററിൻെറ പ്രാരംഭത്തിനു മുമ്പോ പിമ്പോ ഉണ്ടാക്കിയതായാലും, എന്തുതന്നെ അടങ്ങിയിരുന്നാലും, ആ വ്യവസ്ഥകൾക്ക് പ്രഭാവം ഉണ്ടായിരിക്കുന്നതാണ്:

എന്നാൽ ഒരു മോട്ടോർപരിവഹണതൊഴിലാളിക്ക് അങ്ങനെയുള്ള ഏതെങ്കിലും അവാർഡിനോ, കരാറിനോ സേവനകാൺട്രാക്ററിനോ കീഴിലോ മററു വിധത്തിലോ ഏതെങ്കിലും വിഷയം സംബന്ധിച്ച് അയാൾക്ക് ഈ ആക്ററിൻകീഴിൽ അവകാശമുള്ള ഗുണങ്ങളിലും കൂടുതൽ അനുകൂലമായ ഗുണങ്ങൾക്ക് അവകാശമുള്ളിടത്ത്, ആ വിഷയം സംബന്ധിച്ച് അയാൾക്ക് ആ കൂടുതൽ അനുകൂലമായ ഗുണങ്ങൾക്ക് ഈ ആക്ററിൻകീഴിൽ അയാൾക്ക് മററു വിഷയങ്ങൾ സംബന്ധിച്ച് ഗുണങ്ങൾ കിട്ടുന്നുണ്ടെന്നിരുന്നാലും തുടർന്ന് അവകാശം ഉണ്ടായിരിക്കുന്നതാണ്.

(2) ഈ ആക്ററിൽ അടങ്ങിയ യാതൊന്നിനും, ഏതെങ്കിലും മോട്ടോർ പരിവഹണ തൊഴിലാളിയെ, ഏതെങ്കിലും വിഷയം സംബന്ധിച്ച് ഈ ആക്ററിൻകീഴിൽ അയാരംക്ക് അവകാശമുള്ളവയേക്കാരം കൂടുതൽ അനുകൂലമായ അവകാശങ്ങളോ വിശേഷാവകാശങ്ങളോ, നല്കുന്നതിനുവേണ്ടി നിയോജകനുമായി ഒരു കരാറിൽ ഏർപ്പെടുന്നതിനെ തടയുന്നതായി അർത്ഥം കല്പിക്കാൻ പാടുള്ളതല്ല.

38. ഒഴിവാക്കലുകരം.—(1) ഈ ആക്ററിൽ അടങ്ങിയ യാതൊന്നും,—

(i) രോഗികളുടേയോ ക്ഷതിയേററവരുടേയോ ഏതെങ്കിലും പരിവഹണത്തിന് ഉപയോഗിക്കുന്നതോ;

(ii) ഇൻഡ്യയുടെ സുരക്ഷിതത്വവുമായോ ഒരു സ്റേററിന്റെ സുരക്ഷിതത്വവുമായോ പൊതുസമാധാനപാലനവുമായോ ബന്ധപ്പെട്ട ഏതെങ്കിലും ആവശ്യത്തിന് ഉപയോഗിക്കുന്നതോ,

ആയ ഏതെങ്കിലും പരിവഹണ വാഹനത്തിനോ അതു സംബന്ധിച്ചോ ബാധകമായിരിക്കുന്നതല്ല.

(2) (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകരംക്ക് ഭംഗംവരാതെ, സ്റേററ് ഗവൺമെൻറിന്, ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി, വിജ്ഞാപനത്തിൽ വിനിർദ്ദേശിക്കുന്ന ഉപാധികളും പരിമിതികളും, വല്ലതുമുണ്ടെങ്കിൽ, അവയ്ക്ക് വിധേയമായി, ഈ ആക്ററിലേയോ അതിൻ കീഴിലുണ്ടാക്കപ്പെടുന്ന ചട്ടങ്ങളിലേയോ വ്യവസ്ഥകരം—

(i) സ്റേററ് ഗവൺമെൻറിന്റെ അഭിപ്രായത്തിൽ, ഏതെങ്കിലും മോട്ടോർപരിവഹണസംരംഭത്തിൽ മേൽനോട്ടത്തിന്റേയോ മാനേജ്മെൻറിന്റേയോ സ്ഥാനങ്ങരം വഹിക്കുന്ന ഏതെങ്കിലും മോട്ടോർ പരിവഹണ തൊഴിലാളികരംക്കും,

(ii) ഏതെങ്കിലും പാർട്ട് ടൈം മോട്ടോർപരിവഹണതൊഴിലാളിക്കും,

(iii) ഏതെങ്കിലും തരം നിയോജകൻമാർക്കും, ബാധകമായിരിക്കുന്നതല്ലെന്ന് നിദേശിക്കാവുന്നതാണ് :

എന്നാൽ, ഈ ഉപവകുപ്പിൻകീഴിൽ ഏതെങ്കിലും ഉത്തരവ് പുറപ്പെടുവിക്കുന്നതിനുമുമ്പ്, സ്റേററ് ഗവൺമെൻറ്, അതിന്റെ ഒരു പകർപ്പ്, കേന്ദ്ര ഗവൺമെൻറിന് അയച്ചുകൊടുക്കേണ്ടതാകുന്നു.

39. നിദേശങ്ങരം നല്കാനുള്ള അധികാരങ്ങരം.—കേന്ദ്രഗവൺമെൻറിന്, ഏതെങ്കിലും സ്റേററിലെ ഗവൺമെൻറിന്, ആ സ്റേററിൽ ഈ ആക്ററിൽ അടങ്ങിയ വ്യവസ്ഥകരം, നടപ്പിൽ കൊണ്ടുവരുന്നത് സംബന്ധിച്ച് നിദേശങ്ങരം നല്കാവുന്നതാണ്.

40. ചട്ടങ്ങരം ഉണ്ടാക്കാനുള്ള അധികാരം.—സ്റേററ് ഗവൺമെൻറിന്, മുൻകൂട്ടി പ്രസിദ്ധപ്പെടുത്തണമെന്ന ഉപാധിക്കു വിധേയമായി, ഈ ആക്ററിന്റെ ആവശ്യങ്ങരം നടപ്പാക്കുന്നതിന് ചട്ടങ്ങരം ഉണ്ടാക്കാവുന്നതാണ്:

എന്നാൽ സാമാന്യഖണ്ഡങ്ങരം ആക്ററ്, 1897 (1897-ലെ 10)-ലെ 23-ാം വകുപ്പ് (3)-ാം ഖണ്ഡത്തിൻകീഴിൽ വിനിർദ്ദേശിക്കേണ്ട തീയതി, നിർദ്ദേശിക്കപ്പെട്ട ചട്ടങ്ങളുടെ കരട് പ്രസിദ്ധപ്പെടുത്തിയ തീയതി മുതൽ കുറഞ്ഞത് ആറാഴ്ചയ്ക്ക് അപ്പുറം ആയിരിക്കേണ്ടതാണ്.

(2) പ്രത്യേകിച്ചും, മുൻപറഞ്ഞ അധികാരത്തിന്റെ സാമാന്യതയ്ക്ക് ഭംഗം വരാതേയും അങ്ങനെയുള്ള ഏതെങ്കിലും ചട്ടങ്ങരംക്ക്—

(ക) ഒരു മോട്ടോർപരിവഹണസംരംഭത്തിന്റെ രജിസ്ട്രേഷനുള്ള അപേക്ഷാ ഫാറത്തിനും, അങ്ങനെയുള്ള അപേക്ഷ കൊടുക്കേണ്ടത് ഏത് സമയത്തിനുള്ളിലും, ഏത് അധികാരസ്ഥാനത്തിന് ആണെന്നുള്ളതിനും ;

(ഖ) ഒരു മോട്ടോർപരിവഹണസംരംഭം സംബന്ധിച്ച് രജിസ്ട്രേഷൻ സർട്ടിഫിക്കററ് നല്കുന്നതിനും, അങ്ങനെയുള്ള രജിസ്ട്രേഷന് കൊടുക്കേണ്ട ഫീസിനും;

(ഗ) ചീഫ് ഇൻസ്പെക്ററേയും ഇൻസ്പെക്ററേയും സംബന്ധിച്ച് വേണ്ട യോഗ്യതകൾക്കും;

(ഘ) ഇൻസ്പെക്ററർമാർക്ക് പ്രയോഗിക്കാവുന്ന അധികാരങ്ങൾക്കും, അങ്ങനെയുള്ള അധികാരങ്ങൾ പ്രയോഗിക്കാവുന്ന രീതിക്കും;

(ങ) സർട്ടിഫൈ ചെയ്യുന്ന സർജൻമാർക്ക് വഹിക്കാവുന്ന ചികിത്സീയമേൽനോട്ടത്തിനും;

(ച) ചീഫ് ഇൻസ്പെക്ററരുടേയോ ഇൻസ്പെക്ററുടേയോ ഏതെങ്കിലും ഉത്തരവിൽനിന്നുള്ള അപ്പീലുകൾക്കും, അങ്ങനെയുള്ള അപ്പീലുകൾ കൊടുക്കാവുന്നത് ഏത് ഫാറത്തിലും, ഏത് സമയത്തിനുള്ളിലും ഏത് അധികാരസ്ഥാനങ്ങൾക്കും ആണെന്നുള്ളതിനും;

(ഛ) ഈ ആക്ററ് ഏർപ്പെടുത്തുകയും നിലനിറുത്തുകയും ചെയ്യാൻ ആവശ്യപ്പെടുന്ന സൗകര്യങ്ങൾ ഏർപ്പെടുത്താവുന്നത് ഏത് സമയത്തിനുള്ളിലാണെന്നുള്ളതിനും;

(ജ) മോട്ടോർപരിവഹണതൊഴിലാളികൾക്ക് ഏർപ്പെടുത്തേണ്ട ചികിത്സീയസൗകര്യങ്ങൾക്കും;

(ഝ) പ്രഥമചികിത്സാ പെട്ടികളിൽ ഏർപ്പെടുത്തേണ്ട സജ്ജീകരണത്തിന്റെ മാതൃകയ്ക്കും;

(ഞ) ദീർഘയാത്രാറൂട്ടുകളും ഉത്സവസന്ദർഭങ്ങളും മററ് സന്ദർഭങ്ങളും നിർണ്ണയിക്കപ്പെടുന്ന അധികാരസ്ഥാനം വിജ്ഞാപനം ചെയ്യേണ്ട രീതിക്കും;

(ട) 13-ാം വകുപ്പ് രണ്ടാം പരിമിതിവ്യവസ്ഥയിൽ പരാമർശിച്ച ഏതെങ്കിലും സംഗതിയിൽ, ഏതെങ്കിലും മോട്ടോർപരിവഹണ തൊഴിലാളിയോട് ഏതെങ്കിലും ദിവസം എട്ട് മണിക്കൂറിലധികമോ, ഏതെങ്കിലും ആഴ്ച നാല്പത്തെട്ട് മണിക്കൂറിലധികമോ പ്രവർത്തി ചെയ്യാൻ ആവശ്യപ്പെടുകയോ അയാളെ അതിന് അനുവദിക്കുകയോ ചെയ്യാവുന്നത് ഏത് ഉപാധികൾക്കും പരിമിതികൾക്കും വിധേയമായാണോ, ആ ഉപാധികൾക്കും പരിമിതികൾക്കും;

(ഠ) പ്രവൃത്തികാലയളവിന്റെ നോട്ടീസുകൾ പ്രദർശിപ്പിക്കുകയും നിലനിറുത്തുകയും ചെയ്യേണ്ട ഫാറത്തിനും രീതിക്കും;

(ഡ) 13-ാം വകുപ്പിലെ രണ്ടാം പരിമിതിവ്യവസ്ഥയിൽ പരാമർശിച്ച ഏതെങ്കിലും സംഗതിയിൽ, ഒരു മോട്ടോർപരിവഹണതൊഴിലാളി ചെയ്യുന്ന ഓവർടൈം പ്രവൃത്തി സംബന്ധിച്ചുള്ള അധികകൂലിയുടെ നിരക്കുകൾക്കും;

(ഢ) നിയോജകൻമാർ വച്ചുപോരേണ്ട രജിസ്ററുകൾക്കും, സ്റേററ് ഗവൺമെൻറിന്റെ അഭിപ്രായത്തിൽ ഈ ആക്ററിന്റെ ആവശ്യങ്ങൾക്ക് വേണ്ടതായേക്കാവുന്ന റിട്ടേണുകൾക്കും, അവ വല്ലപ്പോഴും വേണ്ടതോ ആനുകാലികമായതോ ആയാലും,—

(ണ) നിർണ്ണയിക്കപ്പെടേണ്ടതോ നിർണ്ണയിക്കപ്പെടാവുന്നതോ ആയ മറേറതെങ്കിലും വിഷയത്തിനും,
വ്യവസ്ഥചെയ്യാവുന്നതാണ്.